പണയപ്പെടുത്തിയ ഭാവി വീണ്ടെടുക്കാൻ

കേരള സ്വാശ്രയ സമിതി

ഒന്ന്

ആമുഖം

സ്വാശ്രയ പ്രസ്ഥാനമോ? ഇക്കാലത്തോ? ലോകം മുഴുവൻ ഒന്നായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു പരാശ്രയം കൂടാതെ ഒറ്റയ്ക്കു നിൽക്കണമെന്നോ? പഴഞ്ചൻ മുദ്രാവാക്യങ്ങൾ വെടിയാൻ കാലമായി. പൊതുധാരയിൽ നിന്നു മാറിനിന്ന സോവിയറ്റ് യൂണിയന്റെ സ്ഥിതിയെന്തായി? ചൈനയാവട്ടെ വിദേശ മൂലധനത്തിനു വാതിൽ തുറക്കുന്നു. സ്വാശ്രയ വേദോപദേശത്തിനു കണ്ടെത്തിയ സമയം പറ്റിയതു തന്നെ! ഇങ്ങനെ പോകും സ്വാശ്രയ ഇന്ത്യയ്ക്കായുള്ള മുദ്രാവാക്യം ചിലരിലെങ്കിലും ഉയർത്തുന്ന പ്രതികരണങ്ങൾ.

യൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ച ഇവിടെ പരിശോധിക്കാൻ ഒരുമ്പെടുന്നില്ല. വിസ്താരഭയം കൊണ്ടു മാത്രമല്ല. സ്വാശ്രയ പ്രസ്ഥാനം ഇന്ത്യയിൽ സോഷ്യലിസം ഉണ്ടാക്കാനുള്ള ഒരു പ്രസ്ഥാനമല്ല എന്നതു കൂടി കാരണമാണ്. സോഷ്യലിസത്തിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാത്തവർക്കും സ്വാശ്രയ പ്രസ്ഥാനത്തിൽ ഒന്നിക്കാം. അവർക്കു വേണ്ടത് ഒന്നു മാത്രമാണ്: ദേശീയ സ്വാതന്ത്ര്യ സമര പാരമ്പര്യങ്ങളെ മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള അഭിനിവേശം. ഇന്ത്യയുടെ ദേശാഭിമാന പാരമ്പര്യങ്ങളെ പുതിയൊരു ജനകീയ പ്രതിബദ്ധതയുടെ അടിത്തറയിൽ ഉദ്ദീപിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് സ്വാശ്രയ പ്രസ്ഥാനം.

സ്വാശ്രയ സങ്കൽപനത്തിന്റെ ധൈഷണിക വേരുകൾ 19-ാം നൂറ്റാണ്ടിലെ മനീഷികളായിരുന്ന ദാദാഭായി നവറോജി, റാനഡേ തുടങ്ങിയവരിൽ നിന്നാരംഭിക്കുന്നു. സ്വദേശി പ്രസ്ഥാനത്തിലൂടെ വികസിതമായ ഈ നയത്തിനു സ്വാതന്ത്ര്യസമരപ്രസ്ഥാനം രൂപം നൽകിയ ആസൂത്രണ ചിന്താപദ്ധതികളിൽ കൂടുതൽ സ്പഷ്ടമായ നില കൈവന്നു. ഇന്ത്യൻ വ്യവസായികൾ രൂപം നൽകിയ ''ബോംബേ പ്ലാനി''ലായാലും എം.എൻ.റോയിയുടെ ''ജനകീയ പദ്ധതി'' യിലായാലും കുമരപ്പ, ശ്രീമൻനാരായൺ തുടങ്ങിയവർ മുന്നോട്ടുവച്ച ''ഗാന്ധിയൻ പദ്ധതി'' കളിലായാലും പൊതുവായുണ്ടായിരുന്ന ഒരു ചിന്താധാര സ്വാശ്രയത്തിന്റേതായിരുന്നു. സ്വതന്ത്ര ഇന്ത്യ സാമ്പത്തികമായും സാങ്കേതികമായും സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന ഒരു രാഷ്ട്രമായിരിക്കണം. എങ്കിൽ മാത്രമേ നേടിയ സ്വാതന്ത്ര്യം സാർഥകമാകൂ. ഈ നിലപാടിനു മാറിയ ലോകസാഹചര്യത്തിൽ പ്രസക്തി കൂടിയിട്ടേയുള്ളൂ; കുറഞ്ഞിട്ടില്ല.

സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരും അല്ലാത്തവരും ഇന്നു സാർവത്രികമായി അംഗീകരിക്കുന്ന ഒരു യാഥാർഥ്യമുണ്ട്. അമേരിക്ക പോലുള്ള

സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കു വെല്ലുവിളിയായി സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സുശക്തമായ ഒരു ചേരി ഉണ്ടായിരുന്നത് ഇന്ത്യപോലുള്ള രാജ്യങ്ങൾക്കു സഹായകരമായിരുന്നു. പാശ്ചാത്യ രാജ്യങ്ങളുടെ സമ്മർദ്ദങ്ങൾക്കു പൂർണമായി കീഴ്പ്പെടാതെ വിലപേശാൻ പറ്റുന്ന ഒരു അനുകൂലസാഹചര്യം അതൊരുക്കിയിരുന്നു. ഈ സാഹചര്യം ഇന്നു പ്രതികൂലമായിക്കൊണ്ടിരിക്കുന്നു. പുത്തൻ കോളണിവൽക്കരണത്തിന് കോപ്പുകൂട്ടുകയാണു സാമ്രാജ്യശക്തികൾ. ഈ ലോക സാഹചര്യമാണു സ്വാതന്ത്ര്യസമരകാലത്തു ഭാരതത്തെ പ്രകമ്പനം കൊള്ളിച്ച മുദ്രാവാക്യങ്ങൾക്കു പുതിയ പ്രസക്തി നൽകിയിരിക്കുന്നത്.

സ്വാശ്രയത്വമെന്നാൽ വിദേശ രാജ്യങ്ങളുമായി വ്യാപാര ഇടപാടുകൾ, കടം കൊള്ളലുകൾ-കൊടുക്കലുകൾ, മൂലധന നിക്ഷേപബന്ധങ്ങൾ, സാങ്കേതിക വിദ്യാ സഹകരണം എന്നു തുടങ്ങിയവയെല്ലാം ഉപേക്ഷിച്ചു ലോകത്ത് ഒറ്റപ്പെട്ട ഒരു തുരുത്തായി തീരുക എന്നല്ല. വേണമെന്ന് ആഗ്രഹിച്ചാലും അത് അസാധ്യമാണ്. മറ്റുള്ളവരുമായി കൈകോർക്കാം. പക്ഷെ നിലനിൽപ് അവരുടെ ചുമലിൽ തൂങ്ങിയാകരുത്. സ്വന്തം കാലിൽ നിൽക്കാൻ കഴിവുണ്ടാകണം. അല്ലെങ്കിൽ വിദേശി താങ്ങു മാറ്റുമ്പോൾ നമ്മൾ വീഴും. എഴുന്നേറ്റു നിൽക്കുന്നതിനു സഹായം കിട്ടാൻ പിന്നെ അവൻ പറയുന്നതൊക്കെ അനുസരിക്കേണ്ടി വരും.

സാമ്രാജ്യത്വം

ഇന്നത്തെ ലോകം പരസ്പര ബന്ധിതം തന്നെ. ഈ ബന്ധങ്ങൾ ഇനിയും വർദ്ധിക്കുകയേയുള്ളൂ. എന്നാൽ നമ്മൾ വിസ്മരിക്കാൻ പാടില്ലാത്ത ഒരു കാര്യമുണ്ട്. ലോകത്ത് എല്ലാ രാജ്യങ്ങളും ഒരു പോലെയല്ല. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളെ നൂറ്റാണ്ടുകളായി കൊള്ള ചെയ്തു സമ്പൽസമൃദ്ധിയിലേക്കുയർന്ന സാമ്രാജ്യത്വ രാജ്യങ്ങൾ ഉണ്ട്. അവരുടേയും നമ്മുടേയും ദേശീയ താൽപര്യങ്ങൾ ഒന്നല്ല. 'വെള്ളക്കാരൻെറ ഭാരം'' എന്ന പ്രയോഗമുണ്ടല്ലൊ. അതിൻെറ പിന്നിലുള്ളതു കൊള്ള ലാക്കാണ്. ഇതല്ലേ ചരിത്രപാഠം? പുള്ളിപുലിയുടെ പുള്ളികൾ മറയ്ക്കാം; പക്ഷെ, മായ്ക്കാനാവില്ല. ഏതെല്ലാം വിധത്തിലാണു സാമ്രാജ്യത്വ രാജ്യങ്ങൾ ഇന്നും നമ്മെ ചൂഷണം ചെയ്തു കൊണ്ടിരിക്കുന്നത്: നൂറ്റാണ്ടുകൾക്കു മുമ്പു മുതൽമുടക്കിയ പണത്തിൻെറ പേരിൽ ഇന്നും നമ്മിൽ നിന്നു ലാഭം പറ്റിക്കൊണ്ടിരിക്കുന്നു. അവരുടെ ആയുധങ്ങളും ഉൽപന്നങ്ങളും വാങ്ങാനായി എടുത്ത വായ്പകൾക്കു കൊള്ള പലിശ. സാങ്കേതിക വിദ്യകൾക്കുള്ള റോയൽടികൾ, കച്ചവടത്തിലെ കൊള്ള ലാഭം. ലോകവ്യാപാരം നിയന്ത്രിക്കുന്നതു ബഹുരാഷ്ട്ര കുത്തകകൾ ആണ്. വില നിശ്ചയിക്കുന്നതും ഈടാക്കുന്നതും പലപ്പോഴും ഒരേ ആൾ തന്നെ! ഈ വകകളിലെല്ലാമായി 1980 കളുടെ ആദ്യം കുറഞ്ഞത് 15000 കോടി ഡോളർ വീതം എങ്കിലും ഓരോ വർഷവും സാമ്രാജ്യത്വ രാജ്യങ്ങൾ അവികസിത രാജ്യങ്ങളിൽ നിന്നു തട്ടിക്കൊണ്ടുപോകുന്നുണ്ടായിരുന്നു എന്നാണ് കണക്ക്. 15000 കോടി ഡോളർ എന്നു പറഞ്ഞാൽ അതിൻെറ വലുപ്പത്തെ കുറിച്ച് ഒരു ഊഹം വേണ്ടേ? ഇന്ത്യയിലെ ജനങ്ങളെല്ലാം കൂടി അക്കാലത്ത്

ഒരു വർഷം ഉൽപാദിപ്പിച്ചിരുന്ന സമ്പത്തിനേക്കാം അധികംവരും ഈ തുക! ഇങ്ങനെ കടത്തിക്കൊണ്ടുപോകുന്ന തുകയിൽ നിന്ന് 500-600 കോടി ഡോളറാണു ഗ്രാൻറും മറ്റുമായി വെള്ളക്കാരൻ നമുക്കു തരുന്നത്. (വായ്പയായി തരുന്നതു സൗജന്യമല്ലല്ലോ. പലിശയടക്കം തിരിച്ചു കൊടുക്കേണ്ടതല്ലേ).

സാമ്രാജ്യത്വ രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിലുള്ള ബന്ധം സഹകരണാധിഷ്ഠിതമല്ല. ചൂഷണാധിഷ്ഠിതമാണ്. ഈ തിരിച്ചറിവാണു സ്വാശ്രയത്തിനുവേണ്ടി വാദിക്കാൻ പ്രേരിപ്പിക്കുന്നത്. ഇറക്കുമതി വേണം. പക്ഷെ കയറ്റുമതിയ്ക്കാനുപാതികമായി മാത്രം. എല്ലാറ്റിലും സ്വയം പര്യാപ്തത വേണമെന്നില്ല. ഭക്ഷ്യക്കാര്യത്തിലെങ്കിലും അതു വേണം. കടം വാങ്ങാം. പക്ഷെ തിരിച്ചടയ്ക്കാനുള്ള കഴിവിനനുസരിച്ചേ ആകാവൂ. ലഭ്യമായ വിദേശ സാങ്കേതിക വിദ്യകൾ നാം വാങ്ങണം. പക്ഷെ അവ ആവശ്യമനുസരിച്ചുള്ള തിരഞ്ഞെടുപ്പാകണം. നമ്മുടെ ശാസ്ത്ര സാങ്കേതിക കഴിവുകളെ ശക്തിപ്പെടുത്താനുതകുന്നതു മാത്രം.

ചൈനയിൽ നടക്കുന്നവയെല്ലാം ന്യായീകരിക്കേണ്ട ബാദ്ധ്യത സ്വാശ്രയ പ്രസ്ഥാനത്തിനില്ല. പക്ഷെ ചൈനയെ ഉദാഹരിച്ച് ഇന്നു ചെയ്യുന്ന കോപ്രായങ്ങളെ ന്യായീകരിക്കാൻ ശ്രമിക്കുന്നവർ ചില വസ്തുതകൾ മനസ്സിലാക്കുന്നതു നന്നായിരിക്കും: 1991 ൽ ചൈനയുടെ കയറ്റുമതി ഇറക്കുമതിയേക്കാൾ 1000 കോടി ഡോളറോളം അധികമാണ്. വിദേശ നാണയ ശേഖരമാകട്ടെ 4300 കോടി ഡോളർ വരുമായിരുന്നു. (ഇന്ത്യയിൽ പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയിട്ടും ഇതു 600 കോടി ഡോളറിൽ താഴെയാണ്). ചൈനയുടെ വിദേശ കടമാകട്ടെ ഇന്ത്യയുടേതിനെ അപേക്ഷിച്ചു ചെറുതാണ്. കടത്തിൻെറ പലിശയും മുതലിലേക്കുള്ള തിരിച്ചടവും കൂടി വാർഷിക വിദേശ നാണയവരുമാനത്തിൻെറ 10 ശതമാനമേ വരൂ. ഇന്ത്യയിൽ ഇത് ഏതാണ്ട് 30 ശതമാനം വരും. വിദേശ മൂലധനത്തെ ചൈനയിലേക്കു സ്വാഗതം ചെയ്യുമ്പോഴംതന്നെ ദേശീയ താൽപര്യം ബലികഴിച്ചിട്ടുള്ള ഒരു ഇടപാടിനും തയ്യാറല്ല എന്നു ചൈന അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

നെഞ്ചത്തു കൈവച്ചുകൊണ്ട് ഇന്ത്യയിലെ ഭരണാധികാരികൾക്കു പറയാനാവുമോ, ഇന്നു നടപ്പാക്കുന്ന പരിഷ്കാരങ്ങൾ, ഇന്ത്യയുടെ ഉത്തമ ദേശീയ താൽപര്യങ്ങളെ മുൻനിർത്തി ചർച്ചചെയ്ത് അവർ എത്തിചേർന്ന നിലപാടുകൾ ആണെന്ന്? വിദേശികളിൽ നിന്നു വായ്പ ഉറപ്പാക്കുന്നതിനായി അവർ വരച്ച വരയിൽ ഒപ്പിടുകയല്ലെ നാം ചെയ്യുന്നത്? മാറ്റം വേണം. മാറിയേ പറ്റൂ. പക്ഷെ എന്തു മാറ്റമാണ് വേണ്ടത്? എങ്ങോട്ടാണു മാറേണ്ടത്?

ചർച്ച ചെയ്യേണ്ട മൂന്നു കാര്യങ്ങൾ

പകച്ചു നിൽക്കുന്ന ജനതയുടെ മേൽ, രാഷ്ട്രത്തെ തകർച്ചയുടെ പടുകുഴിയിൽ കൊണ്ടു ചാടിച്ചവർ തന്നെ മാറ്റത്തിൻെറ പല്ലവിയുമായി ഓരോരോ പുത്തൻ പരിഷ്കാരങ്ങൾ അടിച്ചേൽപിച്ചുകൊണ്ടിരിക്കുന്നു. വസ്തുതകൾ ജനങ്ങളുടെ മുമ്പിൽ വയ്ക്കാൻ അവർ തയ്യാറല്ല. തീരുമാനങ്ങൾ പലതും ആരോടും വെളിപ്പെടുത്തുന്നുമില്ല. ഇന്നത്തെ സാഹചര്യത്തിൽ സ്വീകരിക്കാവുന്നതിൽ ഏറ്റവും നല്ലത് അവർ തിരഞ്ഞെടുത്തതായി നാമെല്ലാം സമ്മതിച്ചു കൊടുക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്.

ഇത് ഇനി സാധ്യമല്ല. ഇതാണ് സ്വാശ്രയ പ്രസ്ഥാനത്തിൻെറ ഒന്നാമത്തെ പ്രഖ്യാപനം. ദേശവ്യാപകമായി എല്ലാവിഭാഗം ജനങ്ങൾക്കിടയിലും പുതിയ നയങ്ങൾ ചർച്ച ചെയ്യപ്പെടണം. അതിനു മുൻകൈ എടുക്കാൻ സ്വാശ്രയ പ്രസ്ഥാനം പ്രതിജ്ഞാബദ്ധമാണ്.

മൂന്നു കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട് എന്നു ഞങ്ങൾ കരുതുന്നു.

ഒന്നാമത്തേത്, നമ്മുടെ രാഷ്ട്രം ഇന്നെത്തിചേർന്നിരിക്കുന്ന പതനത്തിൻെറ കാരണങ്ങൾ ഏവ എന്നതാണ്. വികസന കാഴ്ചപ്പാടിലെ വൈകല്യങ്ങളുടെ പങ്കെന്ത്? അവ നടപ്പാക്കിയതിൽ വന്ന വീഴ്ചകൾ എന്ത്? ഏതേതു വിഭാഗങ്ങളാണ് ഇവമൂലം നേട്ടമുണ്ടാക്കിയത്?

രണ്ടാമത്തേ്, പ്രതിസന്ധിയുടെ പരിഹാരത്തിനായി ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ നമ്മുടെയെല്ലാം ജീവിതത്തെ എപ്രകാരം ബാധിക്കും? വിവിധ വിഭാഗം ജനങ്ങളെ എപ്രകാരമാണു ബാധിക്കുക? രാഷ്ട്രത്തിൻെറ മൊത്തം സാമ്പത്തികനിലയെ എങ്ങനെ ബാധിക്കും? ഈ നയങ്ങൾക്കു പിന്നിൽ ഒളിഞ്ഞിരിക്കുന്ന സാമ്രാജ്യത്വ നിക്ഷിപ്ത താൽപര്യങ്ങൾ ഏവ? കഴിഞ്ഞ ഒരു വർഷക്കാലത്തെ പരിഷ്കാരങ്ങളുടെ അനുഭവങ്ങൾ ഈ ചോദ്യങ്ങക്ക് ഉത്തരം നൽകാൻ സഹായകരമാണ്.

മൂന്നാമത്തേ്, ഈ പരിഷ്കാർങ്ങൾ തള്ളിക്കളയേണ്ടവയാണെങ്കിൽ ബദലായി എന്തു നിർദ്ദേശങ്ങളാണു സ്വാശ്രയ പ്രസ്ഥാനം മുന്നോട്ടു വയ്ക്കേണ്ടത് എന്നതാണ്. വിദഗ്ധൻമാർ, രാഷ്ട്രീയ പാർടികൾ തുടങ്ങിയവർ പൊതുവായ ബദൽ സമീപനങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ട്രേഡ് യൂണിയനുകളും മറ്റുമാകട്ടെ തങ്ങൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിനു മൂർത്തമായ പദ്ധതികൾ തന്നെ ആവിഷ്കരിക്കുന്നുണ്ട്. ഇവയൊക്കെ പഠിക്കുന്നതിനും ഒരു പൊതു നിലപാടു കരുപ്പിടിപ്പിക്കുന്നതിനും സ്വാശ്രയ പ്രസ്ഥാനം പരിശ്രമിക്കും.

ഈ മൂന്നു പ്രശ്നങ്ങളെ പൊതുവായി പരിശോധിക്കുന്നതിനാണ് ഈ ലഘുലേഖയിലൂടെ ശ്രമിക്കുന്നത്.

രണ്ട്

എവിടെയാണ് പ്രതിസന്ധി?

രാജ്യം അത്ഭുതപൂർവമായ കുഴപ്പത്തിലാവാൻ എന്തുണ്ടായി ഈ നാട്ടിൽ? ഈ ചോദ്യത്തിൽ നിന്നുതന്നെ നമുക്ക് ആരംഭിക്കാം. വല്ല വരൾച്ചയോ, വെള്ളപ്പൊക്കമോ മൂലം നമ്മുടെ കൃഷിക്കെല്ലാം നാശം വന്നുവോ? അല്ലെങ്കിൽ നമ്മുടെ ഫാക്ടറികൾ എല്ലാം പൊടുന്നനെ അടച്ചുപൂട്ടപ്പെട്ടോ? ഇല്ല. ഇതൊന്നും സംഭവിച്ചിട്ടില്ല. ഇന്ത്യാ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കു പ്രകാരം കുഴപ്പം പൊട്ടിപ്പുറപ്പെട്ട 1991-ാം ആണ്ട്, മുൻപുള്ള ഏതു വർഷത്തേയുംപോലെ തന്നെ നല്ലതോ ചീത്തയോ ആയിരുന്നു. കൃഷിയിലും വ്യവസായത്തിലും അസാധാരണമായി ഒന്നും സംഭവിച്ചിരുന്നില്ല. സത്യം പറഞ്ഞാൽ 1960-കളെയും 1970-കളെയും അപേക്ഷിച്ചു താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക വളർച്ചയുടെ വർഷങ്ങളായിരുന്നു 1980-കൾ. എങ്കിൽ പിന്നെ എവിടെയാണ് ഈ പ്രതിസന്ധി?

കാർഷിക മേഖലയിലോ വ്യാവസായിക മേഖലയിലോ അതുപോലെ മറ്റേതെങ്കിലും ആഭ്യന്തര ഉൽപാദന തുറയിലോ ആയിരുന്നില്ല തകർച്ചയുടെ ഇടിത്തീ വീണത്. രാജ്യത്തിനുള്ളിലല്ല, നമ്മുടെ രാജ്യവും മറ്റു രാജ്യങ്ങളുമായുള്ള സാമ്പത്തിക ബന്ധങ്ങളുടെ മേഖലയിലാണു കുഴപ്പം പൊടുന്നനെ പൊട്ടിപ്പുറപ്പെട്ടത്. വിദേശ രാജ്യങ്ങളിൽ നിന്നും ചരക്കുകൾ ഇറക്കുമതി ചെയ്യണമെങ്കിൽ, വിദേശികളുടെ സേവനസൗകര്യങ്ങൾ ഉപയോഗിക്കണമെങ്കിൽ, വിദേശികളിൽ നിന്നും മുൻകാലത്തു വാങ്ങിയിട്ടുള്ള കടങ്ങൾ തിരിച്ചടക്കണമെങ്കിൽ എല്ലാം വേണ്ടുന്ന പണം ഇന്ത്യൻ സർക്കാരിൻെറ പക്കൽ ഇല്ലാതായി. ഇവിടെയാണു സമകാലീന പ്രതിസന്ധിക്കു തുടക്കം കുറിച്ചത്.

എന്ത്! പണമില്ലെന്നോ? സർക്കാരിനു കുറച്ചു നോട്ട് അടിച്ചുകൂടെ? നിങ്ങൾ ചിന്തിച്ചേക്കാം. ശരിയാണ്. സർക്കാരിനു നോട്ടടിക്കാം. പക്ഷേ, ഉറുപ്പിക നോട്ടുകളടിക്കാനേ ഇന്ത്യാ സർക്കാരിന് അവകാശമുള്ളൂ. അതു ഭംഗിയായി ചെയ്യുന്നുമുണ്ട്. നാടിന് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ നോട്ട് എല്ലാ വർഷവും അച്ചടിച്ചുകൊണ്ടിരിക്കുകയാണ്. നാട്ടാർക്ക് എത്ര പണം വേണം എന്നു നോക്കിയിട്ടല്ല മറിച്ചു സർക്കാർ ചെലവിന് എത്രപണം വേണം എന്നതിൻെറ അടിസ്ഥാനത്തിലാണ് ഇന്ത്യാസർക്കാർ നോട്ടടിച്ചുകൊണ്ടിരിക്കുന്നത്. തൻമൂലം ആവശ്യത്തിലധികം നോട്ടുകൾ അഥവാ പണപ്പെരുപ്പം ഉണ്ടാകുന്നു. എന്തും ആവശ്യത്തിലധികമായാൽ അവയുടെ വില ഇടിഞ്ഞേ പറ്റൂ. ഇന്ത്യയിൽ രൂപയുടെ മൂല്യവും സദാ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രൂപയ്ക്കുണ്ടായിരുന്ന വിലയുടെ

പത്തിലൊന്നുപോലും വിലയില്ല ഇന്നു രൂപയ്ക്ക്. എന്നുവെച്ചാൽ അന്നു നൽകിയിരുന്നതിൻെറ പത്തിരട്ടിയിലധികം പണം നൽകിയാൽ മാത്രമേ നമുക്ക് അത്രയും സാധനങ്ങൾ ഇന്നു വാങ്ങാനാകൂ. ഇതാണു വിലക്കയറ്റത്തിൻെറ രഹസ്യം.

പറഞ്ഞു പറഞ്ഞു വിഷയത്തിൽ നിന്നു മാറിപ്പോയി. പറയാൻ ഉദ്ദേശിച്ചത് ഇതുമാത്രമാണ്. ഇന്ത്യാ സർക്കാരിന് ഇന്ത്യയിലെ നാണയമായ രൂപ പുറത്തിറക്കാനുള്ള അവകാശമുണ്ട്. ഇന്ത്യയിൽ രൂപയെന്നപോലെ അമേരിക്കക്കാർ ഉപയോഗിക്കുന്ന നാണയം ഡോളറാണ്. ബ്രിട്ടീഷുകാരുടെ നാണയം പൗണ്ടാണ്. ജപ്പാൻകാരുടേതു യെൻ ആണ്. അങ്ങനെ ഓരോ വിദേശ രാജ്യത്തിനും അവരുടേതായ നാണയങ്ങളുണ്ട്. ഈ വിദേശനാണയങ്ങൾ പുറത്തിറക്കാനുള്ള അവകാശം ഇന്ത്യാസർക്കാരിനില്ല. എന്നാൽ വിദേശത്തുനിന്ന് എന്തെങ്കിലും സാധനം ഇറക്കുമതി ചെയ്യണമെങ്കിൽ അതിനു വിദേശനാണയത്തിൽ വില നൽകിയേ പറ്റൂ. ഇതിനുവേണ്ടിയുള്ള വിദേശനാണയ ശേഖരം കഴിഞ്ഞ വർഷാവസാനമായപ്പോൾ ശോഷിച്ച് ഏതാണ്ടില്ലാതായി. വിദേശികളുമായുള്ള സാമ്പത്തിക ബന്ധങ്ങൾ തുടർന്നു കൊണ്ടുപോകാൻ പറ്റാതായി. വിദേശികളുമായുള്ള ബന്ധത്തെ ആശ്രയിച്ചു വളർന്നുവന്ന ഇന്ത്യൻ സമ്പദ്ഘടന പ്രതിസന്ധിയിലുമായി.

വിദേശനാണയം അച്ചടിക്കാൻ അവകാശമില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇന്ത്യയ്ക്ക് വിദേശനാണയം ലഭിക്കുക? വേറെ സൂത്രപ്പണിയൊന്നുമില്ല. അതു നാം നേടണം. വിദേശത്തേക്കു സാധനങ്ങൾ കയറ്റുമതി ചെയ്യുകയാണു വിദേശ നാണയം നേടാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗം. വിദേശികൾ നമ്മുടെ സാധനങ്ങൾ വാങ്ങുമ്പോൾ വിദേശനാണയത്തിലാണ് അതിന് വില തരിക. ഇന്ത്യാ സർക്കാരിൻെറ കണക്കു പ്രകാരം 1989-ൽ ഏതാണ്ട് ഇരുപതിനായിരം കോടിരൂപയുടെ വിദേശനാണയം ഇപ്രകാരം ഇന്ത്യയ്ക്കു ലഭിച്ചു. തുണിത്തരങ്ങൾ, മലഞ്ചരക്കുകൾ, കാപ്പി, തേയില, കശുവണ്ടി, ചെമ്മീൻ തുടങ്ങി ഒട്ടേറെ ഉൽപന്നങ്ങൾ നാം വിദേശത്തേക്കു കയറ്റുമതി ചെയ്യുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളാണു മറ്റൊരു വിദേശവരുമാന സ്രോതസ്സ്. അവർ ഇന്ത്യയിൽ ചെലവാക്കുന്ന രൂപ ഇന്ത്യാ സർക്കാരിന് വിദേശ നാണയം കൊടുത്തുകൊണ്ടു പകരം വാങ്ങിക്കുന്നതാണ്. ഇങ്ങനെ പലതും. മറ്റൊരു വിദേശ നാണയ മാർഗത്തെക്കുറിച്ചു കൂടി പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ഗൾഫിലും മറ്റും ജോലി ചെയ്യുന്ന ഇന്ത്യാക്കാർ ഇന്ത്യയിലേക്കയക്കുന്ന പണമാണത്. കയറ്റുമതി കഴിഞ്ഞാൽ രണ്ടാമത്തെ പ്രധാന വിദേശ വരുമാന മാർഗമാണിത്. അങ്ങനെ 1988-89-ൽ എല്ലാം കൂടെ ഇന്ത്യയ്ക്ക് ഏതാണ്ടു മുപ്പതിനായിരം കോടി രൂപയുടെ വിദേശനാണയ വരുമാനം ഉണ്ടായി.

ചെറുതല്ല ഈ തുക. എന്നാൽ ഇതുകൊണ്ടു നമ്മുടെ വിദേശ നാണയ ആവശ്യത്തെ തൃപ്തിപ്പെടുത്താനായില്ല. എന്തിന്, മുപ്പത്തിനാലായിരം കോടി രൂപ വേണ്ടിവന്നു ഇറക്കുമതിക്കുവേണ്ടി മാത്രം. ധനകാര്യമന്ത്രി പാർലമെൻറിൽ പറഞ്ഞത് എത്രയോ ശരി: രാഷ്ട്രം അതിൻെറ കഴിവിനപ്പുറം ധൂർത്തടിച്ചു ജീവിക്കുകയാണ്. ഇതിനെ കുറിച്ചു ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ, ഒരു പ്രധാനപ്പെട്ട ചോദ്യത്തിനുകൂടി ഉത്തരം പറയേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരുമുണ്ട്, പണക്കാരുമുണ്ട്. ഇതിൽ

ആരാണ് കഴിവിനപ്പുറം ജീവിക്കുന്നത്? അർധനഗ്നരും അർധപട്ടിണിക്കാരും രോഗികളും നിരക്ഷരരുമായ ഇന്ത്യയിലെ ദരിദ്രകോടികൾക്കു രാഷ്ട്രത്തിൻെറ വിദേശ നാണയം ദീപാളി കുളിച്ചു കളഞ്ഞതിൽ എന്തു പങ്കാളിത്തമാണുള്ളത്?

ആരാണുത്തരവാദി?

കർഷകത്തൊഴിലാളി ഗോപാലൻെറയും കശുവണ്ടിത്തൊഴിലാളി കല്യാണിയുടെയും കുടുംബം എടുക്കൂ. അവരുടെ ഒരു ദിവസത്തെ ജീവിതം അരിച്ചുപെറുക്കി പരിശോധിച്ചുകൊള്ളൂ-അവർ എത്ര രൂപയുടെ വിദേശനാണയം ചെലവാക്കുന്നുണ്ടെന്ന്. വർഷത്തിൽ പകുതി ദിവസം മാത്രം പണി ലഭിക്കുന്ന ഗോപാലൻെറയും നൂറുദിവസംപോലും തികച്ചു പണി ലഭിക്കാത്ത കല്യാണിയുടെയും വരുമാനംകൊണ്ട് അവർക്ക് അരിഷ്ടിച്ചു ജീവിക്കാൻ പോലും തികയില്ല. വരുമാനത്തിൻെറ മുക്കാൽ പങ്കും ഭക്ഷണത്തിനു തന്നെ ചെലവാകും. റേഷനരിയും കപ്പയും മീനും ഒക്കെ തന്നെ വിഭവങ്ങൾ. ഗോപാലൻെറ ബീഡിയും ഇടയ്ക്കുള്ള കള്ളുസേവയും തന്നെ ആഡംബരങ്ങൾ. ഇവയൊന്നും വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്നവയല്ല. ഇതിനൊന്നും വേണ്ടി ഒരുപൈസപോലും വിദേശനാണയം ചെലവാക്കേണ്ടതുമില്ല. യഥാർഥത്തിൽ ഇവയിൽ പലതിൻെറയും കയറ്റുമതിയിലൂടെ ഇന്ത്യ വിദേശനാണയം നേടുന്നുമുണ്ട്. നാല്പതു ശതമാനം ആളുകളും അർധപട്ടിണിക്കാരാണെങ്കിലും നമ്മൾ മിച്ച ധാന്യം കയറ്റുമതി ചെയ്യുന്ന രാജ്യമായി തീർന്നു എന്നാണല്ലോ ഭരണാധികാരികൾ വീമ്പു പറയുക. ഗോപാലൻെറ ഒറ്റ മുണ്ടും ബനിയനും, കല്യാണിയുടെ സാരിയും, കുട്ടികളുടെ ഉടുപ്പും എല്ലാം ഇന്ത്യയിലുണ്ടാക്കുന്ന പരുത്തിനൂലുകൊണ്ടു നമ്മുടെ നാട്ടിലെ കൈ വേലക്കാർ നെയ്തുണ്ടാക്കിയിട്ടുള്ളതാണ്. മണ്ണും മുളയും ഓലയുംകൊണ്ടുള്ള അവരുടെ കുടിലിൻെറ നിർമാണത്തിന് ഒരു വിദേശനാണയവും ചെലവാക്കേണ്ടി വന്നിട്ടില്ല. അവരുടെ വീട്ടിലെ ഏക വിദേശനാണയ ചെലവു രാത്രി കത്തിക്കുന്ന മണ്ണെണ്ണ വിളക്കിനു വേണ്ടി ആയിരിക്കും. പക്ഷേ, അതിനു ഗോപാലനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ലല്ലോ. മണ്ണെണ്ണ വേണമെന്നല്ലാതെ വിദേശമണ്ണെണ്ണ വേണമെന്നൊന്നും ഗോപാലനു നിർബന്ധം ഉണ്ടാകാൻ ഇടയില്ല. ഇന്ത്യയിലെ ഭൂരിപക്ഷം ദരിദ്രരുടെയും പ്രതിനിധികളാണു ഗോപാലനും കല്യാണിയും. അവർക്ക് ഇന്ത്യയുടെ വിദേശനാണയ ധൂർത്തിൽ ഒരു പങ്കാളിത്തവുമില്ല.

എന്നാൽ കല്യാണി ജോലി ചെയ്യുന്ന ഫാക്ടറിയുടെ മുതലാളിയെ എടുക്കൂ. അയാളുടെ പേരും മേൽവിലാസവും പറയുന്നില്ല. പക്ഷേ, ഈ കശുവണ്ടി മുതലാളിയുടെ ജീവിതത്തിൽനിന്ന്, ഒരു നിമിഷം എടുത്തു പരിശോധിച്ചു നോക്കിയാൽ വിദേശനാണയച്ചെലവില്ലാത്ത ഒരു ദിവസം പോലും കണ്ടെത്താനാവില്ല. കശുവണ്ടി മുതലാളിയുടെ ഒരു ദിവസത്തെ ഭക്ഷണത്തിന് അയാളുടെ മൊത്തം ചെലവിൻെറ തുച്ഛമായ തുകയെ വരുന്നുള്ളൂ. പക്ഷേ അയാളുടെ ഭക്ഷണത്തിൻെറ നല്ലൊരു പങ്കു ബഹുരാഷ്ട്ര ഭക്ഷണ കുത്തക കമ്പനികളുടെ ഉല്പന്നങ്ങളായിരിക്കും. ലിപ്റ്റൻെറ തേയില മുതൽ സ്കോച്ചു വിസ്കി വരെ. അയാളുടെ കൊട്ടാരസദൃശമായ വീടാണെങ്കിൽ

ഇറക്കുമതിചെയ്ത ഇറ്റാലിയൻ ടൈലുകളം, ഫിറ്റിങ്ങുകളം തുടങ്ങിയവയാൽ അലംകൃതമാണ്. ടി.വി.,വീഡിയോ,ഫ്രിഡ്ജ്, ഓവൻ തുടങ്ങി മുതലാളി യുടെ വീട്ടിൽ ഇല്ലാത്തതൊന്നും ഇല്ല. മുതലാളിക്ക് ഇന്ത്യൻ ഉല്പന്നങ്ങളോടു പുച്ഛമാണെന്നു പറയേണ്ടതില്ലല്ലോ. ഇറക്കുമതി ചെയ്ത ബെൻസുകാർ മുത ലാളിക്കുള്ളതാണ്. മാരുതി, കുട്ടികൾക്കുവേണ്ടിയും. ഈയിടെയായി വിദേശ ട്രിപ്പുകളിൽ മുതലാളിക്കു വളരെ കമ്പമാണ്. എല്ലാം വ്യാപാര അഭി വൃദ്ധിക്കുവേണ്ടി! മുതലാളി കശുവണ്ടി ബില്ലിൽ വില കുറച്ചു കാണിച്ച് കയറ്റുമതി ചെയ്യുന്നതു പരസ്യമായ രഹസ്യം. കണക്കിൽപ്പെടാത്ത, മിച്ചം വരുന്ന വിദേശനാണയം വിദേശത്തു തന്നെയാണു സൂക്ഷിച്ചിരിക്കുന്നത്.

കശുവണ്ടിമുതലാളിമാരെപ്പോലുള്ളവർ ഒരു തുച്ഛമായ സംഖ്യയേ വരൂ. അവരുടെ ധൂർത്ത് ഒരു വലിയ സംഖ്യയാണെങ്കിൽ പോലും. മുതലാളിമാർ അല്ലെങ്കിലും സാമാന്യ സാമ്പത്തിക ശേഷിയുള്ള ഒട്ടേറെ ഇടത്തരക്കാർ നമ്മുടെ നാട്ടിലുണ്ട്. അവരിൽ പലർക്കും ടെലിവിഷനും വീഡിയോയും മാരുതി കാറും മറ്റും വാങ്ങാൻ ശേഷിയുണ്ട്. ഇന്ത്യയിലെ ജനങ്ങളിൽ പത്തു ശതമാനം പേർ ഈ ഗണത്തിൽപ്പെടും എന്നാണു വയ്പ്. ഇവർക്കും വിദേശ വസ്തുക്കളിൽ വലിയ കമ്പമാണ്. ഒന്നുകിൽ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്തത്,അല്ലെങ്കിൽ ഇറക്കുമതി ചെയ്ത സാധനങ്ങൾകൊണ്ടു ഇന്ത്യ യിൽ ഉണ്ടാക്കിയതെങ്കിലും കിട്ടിയേ തീരൂ. ഏറ്റവും ചുരുങ്ങിയത്, വിദേശക മ്പനിയുടെ ബ്രാൻറ് പേരെങ്കിലും വേണം. ഒരു മാരുതി കാറും ഫ്രിഡ്ജും വീഡിയോയുമുള്ള ഒരു കുടുംബമാണെങ്കിൽ ഒരു ലക്ഷം രൂപയെങ്കിലും വിദേശനാണയമായി അവർ ചെലവാക്കി കഴിഞ്ഞിട്ടുണ്ട്.

ഇഷ്ടംകൊണ്ടു മാത്രമല്ല!

ഇറക്കുമതി ചെലവു കൂടുന്നതിനുള്ള അടിസ്ഥാനകാരണം ഉപഭോക്താ ക്കളുടെ ആർത്തിയാണെന്ന തെറ്റിദ്ധാരണ മുകളിൽ പറഞ്ഞതിൽ നിന്ന് ഉണ്ടാകരുത്. പലപ്പോഴും നിങ്ങൾ എത്ര വലിയ ദേശീയവാദിയാണെങ്കിലും വിദേശസഹകരണമോ വിദേശനിർമിതമോ ആയിട്ടുള്ള സാധനങ്ങൾ ഉപ യോഗിക്കാതെ നിവൃത്തിയില്ല എന്നുള്ളതാണ് അവസ്ഥ. അത്തരം ഒരു സമ്പ ദ്ഘടനയിലാണു നാം ഇന്നു ജീവിക്കുന്നത്. നമ്മുടെയെല്ലാം ജീവിതത്തെ ഒരു നിഴൽപോലെ ബഹുരാഷ്ട്രകുത്തകകളും അവരുടെ ഉല്പന്നങ്ങളും പിന്തു ടരുന്നു. കാലത്ത് ഉപയോഗിക്കുന്ന വിദേശകമ്പനി പായ്ക്ക് ചെയ്ത കാപ്പി പ്പൊടി, വിദേശ സഹകരണത്തോടെ നിർമിക്കുന്ന ടൂത്ത്പേസ്റ്റ്, സോപ്പ്, പൗഡർ എന്നുതുടങ്ങി ഓഫീസിൽ പോകാൻ ഉപയോഗിക്കുന്ന ലൈലാൻഡു ബസ്സും ഓഫീസിലെ ക്രോംപ്റ്റൺ ടൈപ്റൈറ്ററും സിറോക്സ് യന്ത്രവും അവസാനം രാത്രി തലവേദന അകറ്റാൻ ഉപയോഗിക്കുന്ന സീബാഗീഗിയുടെ ഗുളികകളുംവരെ ഓരോ നിമിഷവും ഒരു നിഴൽ എന്ന വണ്ണം അവർ നമ്മുടെ പിന്നിലുണ്ട്. വിദേശിക്കു കപ്പം കൊടുക്കാതെ ഒരു നിമിഷംപോലും കഴി ഞ്ഞുകൂടാനാവാത്ത ഒരു സാമ്പത്തിക വ്യവസ്ഥയാണു നമ്മുടെ രാജ്യത്തു രൂപപ്പെട്ടുവരുന്നത്.

സ്വാതന്ത്ര്യസമ്പാദനത്തെത്തുടർന്ന് ഇന്ത്യയിലേക്കുള്ള ഇറക്കുമതി യുടെ മേൽ നമ്മൾ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി.

ഇത് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കൊളോണിയൽ കാലഘട്ടത്തെ അപേക്ഷിച്ചു വലിയ ഒരു നയപരമായ വ്യതിയാനമായിരുന്നു. ബ്രിട്ടീഷു ഭരണകാലത്ത് ആർക്കും എന്തും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാമായിരുന്നു. ഇങ്ങനെ ഇറക്കുമതി ചെയ്തിരുന്ന ഉല്പന്നങ്ങരം ഇന്ത്യയിൽ തന്നെ നിർമിക്കുന്നതിന് ആവശ്യമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആയിരുന്നു ഇറക്കുമതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്. ഇതായിരുന്നു വ്യവസായവൽക്കരണത്തിനു നാം സ്വീകരിച്ച തന്ത്രം. റേഡിയോ, വാഹനങ്ങരം, ഇലക്ട്രിക്കൽ ഉപകരണങ്ങരം തുടങ്ങിയ ഉപഭോക്തൃ ഉല്പന്നങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ഇവയൊക്കെ നിർമിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും ഇന്ത്യയിൽ ഇതേ തന്ത്രമുപയോഗിച്ചുകൊണ്ടു നാം വളർത്തി എടുത്തു. അവികസിത രാജ്യങ്ങളിൽ ഏറ്റവും വലിയ യന്ത്രവ്യവസായം ഇന്നുള്ളത് ഇന്ത്യയിലാണ്. ഒട്ടനവധി ഗവേഷണ സ്ഥാപനങ്ങരം ആരംഭിക്കുകയും തദ്ദേശീയ സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യയിലുപയോഗിച്ചിരുന്ന യന്ത്രങ്ങളിൽ മുക്കാൽ ഭാഗവും വിദേശ നിർമിതമായിരുന്നു. എന്നാൽ എഴുപതുകളായപ്പോഴേക്കും നമ്മുടെ ആവശ്യത്തിൻെറ നാലിലൊന്നുപോലും ഇറക്കുമതി ചെയ്യേണ്ടിവന്നില്ല.

എന്നാൽ മുകളിൽ വിവരിച്ച വികസനതന്ത്രം അപ്പോഴേക്കും വിഴിമുട്ടിക്കഴിഞ്ഞിരുന്നു. സാമ്പത്തിക വളർച്ചയ്ക്കനുസരണമായി ബഹുഭൂരിപക്ഷത്തിൻെറ ജീവിതനിലവാരമോ വാങ്ങൽകഴിവോ ഉയർന്നില്ല എന്നതാണു മുഖ്യകാരണം. തന്മൂലം ചരക്കുകരം വിറ്റഴിക്കാനാവാതെ വ്യവസായോത്പാദനം മന്ദീഭവിച്ചുതുടങ്ങി. കാർഷിക മേഖലയിലാവട്ടെ ഭൂപരിഷ്ക്കരണത്തിൻെറ അഭാവത്താൽ ഹരിതവിപ്ലവത്തിനുപോലും വേണ്ടത്ര മുന്നോട്ടുപോകാൻ ആയില്ല. കമ്പോളമാന്ദ്യത്തിൽ നിന്നും രക്ഷപെടാനായി വാങ്ങാൻ ശേഷിയുള്ള പണക്കാരായ ന്യൂനപക്ഷത്തിനു വേണ്ടുന്ന ആഡംബരവസ്തുക്കരം നിർമിക്കുന്ന വ്യവസായങ്ങളിൽ ആസൂത്രകർ ഊന്നാൻ തുടങ്ങി. ആഭ്യന്തര കമ്പോളത്തിലെ വളർച്ചയേക്കാരം വിദേശകമ്പോളത്തെ അവർ ലക്ഷ്യമിട്ടു. ഇതിനെല്ലാമായി ഗുണനിലവാരം മെച്ചപ്പെടുത്താനെന്ന പേരിൽ ഇറക്കുമതി നിയന്ത്രണങ്ങരം നീക്കം ചെയ്യാൻ തുടങ്ങി. വിദേശസാങ്കേതിക സഹകരണം പ്രോത്സാഹിപ്പിക്കപ്പെട്ടു. ഇന്ത്യയിലെ ബഹുരാഷ്ട്രകുത്തകകളുടെ സ്വാധീനം വർധിച്ചു. ഇതിൻെറയെല്ലാം ഫലമായി ആഡംബര വസ്തുക്കളുടെയും യന്ത്രങ്ങളുടെയുമൊക്കെ ഇറക്കുമതി എൺപതുകളിൽ കുത്തനെ ഉയർന്നു തുടങ്ങി.

മറ്റൊരു പ്രധാന ഇറക്കുമതിസാമഗ്രി പെട്രോളിയം ഉൽപന്നങ്ങളാണ്. ഇന്നു പ്രവർത്തിക്കുന്ന നമ്മുടെ എണ്ണക്കിണറുകളിലെ ഉല്പാദനം ആവശ്യത്തിന് തികയില്ല. പുതിയ എണ്ണക്കിണറുകരം തുറക്കാനുള്ള സാദ്ധ്യതകരം ആരായുന്നതിനു വേണ്ടത്ര ശുഷ്കാന്തി നമ്മരം കാണിച്ചിട്ടില്ല എന്ന വിമർശനവും പല ശാസ്ത്രജ്ഞൻമാരും ചൂണ്ടികാണിച്ചിട്ടുണ്ട്. തന്മൂലം എല്ലാ വർഷവും വൻതോതിൽ പെട്രോളിയം ഉൽപന്നങ്ങരം നമുക്ക് ഇറക്കുമതി ചെയ്യേണ്ടി വരുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ സ്വീകരിക്കേണ്ടുന്ന ഏറ്റവും ഉചിതമായ രീതി പെട്രോളിയം ഉല്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുകയും അവയുടെ ഉപയോഗകാര്യക്ഷമത പരമാവധി വർധിപ്പി

ക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ വിനാശകരമായ അനാസ്ഥയാണ് ആസൂത്രകർ കൈക്കൊണ്ടത്. ഒരുദാഹരണം മാത്രം പറയട്ടെ. ഇന്ത്യയിലെ ഗതാഗതസംവിധാനം ഓരോ വർഷം കഴിയുന്തോറും കൂടുതൽ കൂടുതൽ വേഗതയിൽ റോഡു മാർഗത്തെ ആശ്രയിക്കുന്നതായി തീർന്നു കൊണ്ടിരിക്കുന്നു. റെയിൽവെ, ജലഗതാഗതമാർഗങ്ങൾക്ക് താരതമ്യേന അവഗണനയാണു ലഭിച്ചിട്ടുള്ളത്. റെയിൽവേയുടെ ഇന്ധന കാര്യക്ഷമത റോഡിനേക്കാൾ വളരെ ഉയർന്നതാണെന്നു വിശദീകരിക്കേണ്ടതില്ലല്ലോ? റെയിൽവേസമ്പ്രദായം വൈദ്യുതീകരിക്കുകയാണെങ്കിൽ ഡീസലിൻെറ ഉപയോഗം പിന്നെയും ഗണ്യമായി കുറയ്ക്കുവാൻ കഴിയും. എന്നാൽ ഇങ്ങനെയൊക്കെ ചിന്തിക്കാൻ ആരും മെനക്കെടാറില്ല. ഫലമോ? ഇന്ത്യയിലെ പെട്രോളിയം ഉപഭോഗം എല്ലാവർഷവും ഏതാണ്ട് ഒമ്പതുശതമാനംവെച്ചു വർധിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൻെറ ഫലമായി എണ്ണഇറക്കുമതിച്ചെലവും പെരുകിക്കൊണ്ടിരിക്കുന്നു. റോഡിലാണങ്കിലോ വിദേശ വാഹനങ്ങളാണ് പെരുകുന്നത്.

സർക്കാരിൻെറ വ്യാപാരകണക്കുകളിൽ കാണാൻ പറ്റാത്ത ഒരു സുപ്രധാന ഇറക്കുമതി ഇനമുണ്ട്. സമീപകാലത്ത് എണ്ണ ഇറക്കുമതിക്കുവേണ്ടി ചെലവായതിനേക്കാൾ കൂടുതൽ തുക ഇതിനായി ചെലവഴിച്ചുവെന്നാണു പല വിദഗ്ധൻമാരുടെയും മതിപ്പു കണക്ക്. യുദ്ധോപകരണങ്ങളുടെ ഇറക്കുമതിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. പക്ഷേ, ബോഫോഴ്സ് തോക്കിടപാടു നമ്മുടെയെല്ലാം കണ്ണു തുറപ്പിച്ചു. രാജ്യരക്ഷയേക്കാൾ നിക്ഷിപ്ത താല്പര്യവും കമ്മീഷനുമാണ് ആയുധ ഇറക്കുമതിയെ പലപ്പോഴും നിയന്ത്രിക്കുന്നത് എന്ന് നമുക്കു ബോധ്യപ്പെട്ടു. വിശ്വപ്രസിദ്ധമായ സ്റ്റോക്ക്ഹോമിലെ സമാധാന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടു പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 1985നും 1989നും ഇടയ്ക്ക് ഇന്ത്യ ഇന്നത്തെ വിനിമയനിരക്കു പ്രകാരം 50,000ത്തിൽ പരം കോടി രൂപയുടെ യുദ്ധോപകരണങ്ങളാണ് ഇറക്കുമതി ചെയ്തിരിക്കുന്നത്. ഇത് ശരിയെങ്കിൽ ഈ കാലയളവിൽ സൗദി അറേബ്യ,ഇറാൻ, ഇറാഖ് തുടങ്ങിയ എണ്ണ രാജ്യങ്ങളെക്കാൾ കൂടുതൽ ആയുധം ഇന്ത്യ വാങ്ങിക്കൂട്ടിയിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ വിദേശനാണയ വരുമാനം നേടാനുള്ള കഴിവിനപ്പുറം കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഇന്ത്യൻ ഭരണാധികാരികൾ വിദേശനാണ്യം ധൂർത്തടിച്ചുകൊണ്ടിരിക്കുകയായിരുന്നു. 1988-89-ൽ ഇന്ത്യയുടെ വ്യാപാരക്കമ്മി 14,000 കോടി രൂപയായിരുന്നു. ഗൾഫിലും മറ്റുമുള്ള ഇന്ത്യാക്കാർ അയച്ചുതന്ന പണം ഈ കമ്മി നികത്താൻ ഒരു പരിധിവരെ സഹായിച്ചു. എന്നിട്ടും 1988-89-ൽ വിദേശനാണ്യ വരുമാനത്തേക്കാൾ ഏതാണ്ടു 10,00 കോടി രൂപ ഇന്ത്യ കൂടുതൽ ചെലവാക്കി. ഇതൊരു വർഷത്തെ മാത്രം കഥയല്ല. സ്വാതന്ത്ര്യാനന്തര കാലത്തുടനീളം വരുമാനത്തെക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ടാണ് ഇന്ത്യൻ സമ്പദ്ഘടന വളർന്നു വന്നത്. എന്നാൽ എൺപതുകളിൽ മുകളിൽ വിവരിച്ച കാരണങ്ങൾ മൂലം ഈ പ്രവണത പതിൻമടങ്ങു ശക്തിപ്പെട്ടു.

എങ്ങനെ ഇത്രയും നാൾ വിദേശനാണയ വരുമാനത്തെക്കാൾ കൂടുതൽ ചെലവാക്കി മുന്നോട്ടു പോകാൻ ഇന്ത്യക്കു കഴിഞ്ഞു? ഉത്തരം വളരെ ലളിത

മാണ്. നമ്മാം വിദേശികളിൽ നിന്ന് കടം വാങ്ങി കാലക്ഷേപം ചെയ്യുകയായി രുന്നു.

കടക്കെണിയിലേക്ക്

എല്ലാവർഷവും ഇതുപോലെ കടം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരു രാജ്യ ത്തിന് എന്തു സംഭവിക്കും? ഇത്തരം ഒരു രാജ്യത്തിൻെറ വിധി ലളിതമാ യൊരു ഉദാഹരണത്തിലൂടെ വിശദീകരിക്കാം. അമേരിക്കൻ സോഷ്യലിസ്റ്റ് സൈദ്ധാന്തികനായ പോാം സ്വീസിയിൽ നിന്ന് കടം വാങ്ങിയതാണ് ഈ ഉദാഹരണം.

എല്ലാ വർഷവും വിദേശികളിൽ നിന്ന് 1000 കോടിരൂപ കടം വാങ്ങാൻ നിർബന്ധിതമാകുന്ന ഒരു രാജ്യത്തിൻെറ വിധിയാണു നാം പരിശോധിക്കു വാൻ പോകുന്നത്. വായ്പ ഇരുപതുവർഷം കൊണ്ട് തിരിച്ചടച്ചാൽ മതി യാകും എന്ന് അനുമാനിക്കുക. എന്നുവച്ചാൽ മുതലിൽ നിന്ന് 50 കോടി രൂപ എല്ലാവർഷവും തിരിച്ചടച്ചാൽ മതി. 10 ശതമാനം ആണു പലിശനിര ക്കെന്ന് കരുതുക. ഈ രാജ്യത്തിന് ഓരോ വർഷവും മുതലിലേയക്കുള്ള തിരിച്ചടയ്ക്കലിൻെറ ഗഡുക്കളായും, പലിശയായും വിദേശികൾക്കു നൽ കേണ്ട തുക (ഈ തുകയെ ആണു കടം സർവീസ് ചെലവ് എന്നുപറയു ന്നത്) കഴിഞ്ഞ് ബാക്കി ലഭിക്കുന്ന അസ്സൽവായ്പ താഴെ പട്ടികയിൽ കൊടു ത്തിരിക്കുന്നു.

കടക്കെണിയുടെ മാതൃക

വർഷം	പുതിയ വായ്പ	പലിശ	മുതൽ തിരിച്ചടവ് ചെലവ്	മൊത്തം കടം സർവീസ് വായ്പ	ലഭിക്കുന്ന അസ്സൽ	മൊത്തം കടഭാരം
1	2	3	4	5(3 + 4)	6(2 - 5)	7
1	1000	100	50	150	850	950
2	1000	195	100	295	705	1850
3	1000	285	150	435	565	2700
4	1000	370	200	525	430	3500
5	1000	450	250	700	300	4250
6	1000	525	300	825	175	14950
7	1000	595	350	945	55	5600
8	1000	660	400	1060	(-)60	6200
9	1000	720	450	1170	(-)170	6750
10	1000	775	500	1275	(-)275	7250

ഒന്നാം വർഷം 1000കോടി രൂപ വായ്പ കിട്ടുന്ന ഒരു രാജ്യത്തിന് ആ വർഷം തന്നെ 100കോടി രൂപ പലിശയായി വിദേശി കൾക്കു നൽകണം. മറ്റൊരൻപതു കോടി രൂപാ തിരിച്ചടയ്ക്കൽ ഗഡുവായി നൽകണം. അങ്ങനെ ഒന്നാംവർഷം കടം സർവീസ് ചെലവ് 150 കോടിരൂപ യാണ്. ഇത് കഴിച്ചു രാജ്യത്തിനു ലഭിക്കുന്ന അസ്സൽ വായ്പ 850 കോടിരൂപ യായിരിക്കും.

രണ്ടാം വർഷവും രാജ്യം 1000കോടി രൂപ വായ്പ എടുക്കുന്നു. പക്ഷേ, ഇപ്പോൾ കടം സർവീസ് ചെലവുകൾ 295 കോടി രൂപയായി ഉയന്നിരി ക്കുന്നു. ആയതിനാൽ രണ്ടാം വർഷം ലഭിക്കുന്ന അസ്സൽ വായ്പ 705 കോടി രൂപ മാത്രമാണ്.

ഇപ്രകാരം ഓരോ വർഷം കഴിയുന്തോറും കടംസർവീസ് ചെലവു നിര ന്തരം ഉയർന്നു വരുന്നു. ഏഴാം വർഷമാകുമ്പോഴേക്കും കടം സർവീസ് ചെലവ് 945 കോടി രൂപയായി തീരുന്നു. ആ വർഷം പുതുതായി 1000 കോടി രൂപ വയ്പയെടുത്തിട്ടു രാജ്യത്തിനു വർഷാവസാനം ലഭിക്കുന്ന അസ്സൽ വായ്പ 55 കോടി രൂപമാത്രമാണ്. എട്ടാം വർഷമാകുമ്പോഴേക്കും സ്ഥിതി ഇതിലേറെ വഷളാകുന്നു. പുതുതായി എടുക്കുന്ന 1000 കോടി രൂപയുടെ വായ്പ കടം സർവീസ് ചെലവിനുപോലും തികയുന്നില്ല. മുൻകാലങ്ങളിൽ വാങ്ങിക്കൂട്ടിയ കടത്തിൻെറ പലിശയ്ക്കും തിരിച്ചടയ്ക്കൽ ഗഡുക്കൾക്കു മായി വേറെ എവിടെ നിന്നെങ്കിലും 60 കോടി രൂപ കണ്ടെത്തേണ്ട ഗതികേടി ലാണു രാജ്യം.

മാത്രമല്ല ഓരോ വർഷം കഴിയുന്തോറും രാജ്യത്തിൻെറ കടഭാരം പെരുകിവ രുന്നു. 10-ാം വർഷമാകുമ്പോഴേക്കും രാജ്യത്തിൻെറ കടഭാരം 7250 കോടി രൂപയായി മാറുന്നു. ഇതിൻെറ പലിശയ്ക്കും തിരിച്ചടയ്ക്കൽ ഗഡുക്കൾക്കു മായി 1275 കോടി രൂപ വേണം. പുതുതായി വാങ്ങുന്ന 1000 കോടി രൂപയുടെ വായ്പ കടം സർവീസിനുപോലും തികയില്ല എന്ന സ്ഥിതിവിശേഷം കൂടു തൽ ഗുരുതരമായി തീരുന്നു. ഈ രാജ്യം കടക്കെണിയിലായി എന്നുപറയാം.

ഞങ്ങൾ കൊടുത്ത ഉദാഹരണം ഒരു അധിക പ്രസംഗമാണെന്നു തോന്നി യേക്കാം. എന്നാൽ സ്ഥിതി നേരെ മറിച്ചാണ്. ഈ ഉദാഹരണം സമകാലീന അന്തർദേശീയ രംഗങ്ങളെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നുണ്ട്. അവിക സിത രാജ്യങ്ങൾക്കു മൊത്തത്തിൽ ലഭിക്കുന്ന പുതിയ വായ്പകൾ വികസിത രാജ്യങ്ങൾക്ക് അവ നൽകേണ്ടുന്ന പലിശയ്ക്കും മുൻകാല കട ഗഡുക്കൾക്കും തികയുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. ഇപ്രകാരം 80-കളിൽ ഓരോവർഷവും ശരാശരി 2000 കോടി ഡോളറാണ് അവികസിത രാജ്യങ്ങൾ വികസിത രാജ്യങ്ങൾക്കു ശിഷ്ടം നൽകേണ്ടി വന്നതെന്നാണു മതിപ്പുകണക്ക്.

ഇന്ത്യയുടെ ഗതിയും ഇതേ പാതയിലൂടെ തന്നെയാണ്. ഓരോ വർഷം കഴിയുന്തോറും നമ്മുടെ കടം സർവീസ് ചെലവു പെരുകിക്കൊണ്ടിരിക്കുക യാണ്. നടപ്പുവർഷം അത് 13,000 കോടിരൂപയിലധികം വരുമെന്നാണു മതിപ്പുകണക്ക്. എന്നുവച്ചാൽ കടം സർവീസ് ചെലവ് ഇന്ത്യൻ കയറ്റുമതി വരുമാനത്തിൻെറ മുപ്പതു-മുപ്പത്തഞ്ചു ശതമാനം വരും. എന്നാൽ നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഇന്ത്യയുടെ കയറ്റുമതി വരുമാനം ഇറക്കുമതി ച്ചെലവിനുപോലും തികയുന്നില്ല എന്നുള്ളതാണു നില. പിന്നെ എവിടെ നിന്നു കടം സർവീസ് ചെലവിനുള്ള തുക ഉണ്ടാക്കും? ഇതിനായും എല്ലാ

വർഷവും പുതിയ വായ്പകളെടുത്തേ പറ്റൂ.

അങ്ങനെ വ്യാപാരക്കമ്മി നികത്താനും പഴയ കടങ്ങൾ സർവീസ് ചെയ്യു വാനും ഓരോ വർഷവും കൂടുതൽ കൂടുതൽ വായ്പകൾ എടുത്തു കൊണ്ടേ സമ്പദ്ഘടനയ്ക്കു നിലനിൽക്കാനാവൂ എന്ന ഗതികേടിലായിത്തീർന്നു നമ്മുടെ രാജ്യം. ഇതിൻെറ ഫലമായി 1980-ൽ ഏതാണ്ട് 2000 കോടി ഡോളർ ആയിരുന്ന ഇന്ത്യയുടെ വിദേശകടം 1991 ജൂൺ ആയപ്പോഴേക്കും 7200 കോടി ഡോളർ അഥവാ ഏതാണ്ട് 2 ലക്ഷം കോടി രൂപയോളമായി ഉയർന്നു. അങ്ങനെ ഇന്ത്യ അവികസിത രാജ്യങ്ങളിൽ ബ്രസീലും മെക്സിക്കോയും കഴിഞ്ഞാൽ ഏറ്റവും വലിയ കടരാജ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയിലെ ഓരോ കുടുംബവും വിദേശികൾക്ക് ഏതാണ്ട് 10,000 രൂപവച്ച് കടപ്പെട്ടിരിക്കുന്നു.

ഈ ഭീമമായ കടം സർവീസ് ചെയ്യുന്നതിനു പുതിയ വായ്പ കിട്ടിയേ തീരൂ. ഇതിനു കഴിയാതെ വന്നതോടുകൂടിയാണ് വിദേശനാണയപ്രതി സന്ധി പൊട്ടിപ്പുറപ്പെട്ടത്. അവരുടേതായ കാരണങ്ങൾ വിദേശീയർക്കു ണ്ടാകും. പക്ഷേ, പൊടുന്നനെ പുതിയ വായ്പകൾ നൽകാൻ അവർ വിസമ്മ തിച്ചു. നമ്മൾ വെള്ളത്തിലായി.

എന്താണ് ഇതിൽനിന്നു നമുക്ക് എത്തിച്ചേരാവുന്ന നിഗമനം? നമ്മുടെ സമ്പദ്ഘടനയുടെ സുസ്ഥിരത വിദേശികളുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. അവർക്കു നമ്മളിൽ വിശ്വാസമുള്ളിടത്തോളമേ സാമ്പത്തിക സുസ്ഥിരത നിലനിർത്താനാവൂ എന്ന സ്ഥിതിവിശേഷം ഉളവാ യിരിക്കുന്നു. സ്വദേശിപ്രസ്ഥാനത്തിൻെറയും സ്വാശ്രയത്വത്തിൻെറയും ഗിരിശൃംഗങ്ങളിൽ നിന്നുള്ള പതനം എത്ര പരിതാപകരം!

മൂന്ന്

അന്തർദേശീയ നാണയനിധിയുടെ ദുഷ്ടലാക്ക്

അന്തർദേശീയ ബാങ്കുകാരുടെയും മറ്റും വിശ്വാസം ആർജിക്കാനുള്ള വെപ്രാള ത്തിലാണ് ഇന്ത്യാസർക്കാർ. അവക്കു നിലനില്ക്കണമെങ്കിൽ ഇതു കൂടിയേ തീരൂ. അന്തർദേശീയ നാണയനിധിയുമായി ഒരു ധാരണയിലെത്തിച്ചേരേ ണ്ടതു് ഇന്നത്തെ സാഹചര്യത്തിൽ ഇതിനൊരു മുൻ ഉപാധിയാണ്. തന്മൂലം ഇന്ത്യാസർക്കാർ നാണയനിധിയുടെ അധികാരികളെ പ്രീണിപ്പിക്കാൻ എന്തും ചെയ്യാൻ തയ്യാറായി നില്ക്കുന്നു. അന്താരാഷ്ട്ര നാണയനിധിയുടെ ഓഫീസു ഡൽഹിയിൽ തുറന്നു കഴിഞ്ഞു. ഇന്ത്യാസർക്കാരിൻെറ ഓരോ ചുവടുവയ്പ്പിലും അവരുടെ കൈ തെളിഞ്ഞു കാണാമെന്നായിരിക്കുന്നു. കൊച്ചുകുട്ടികൾക്കുപോലും സുപരിചിതമായിരിക്കുന്നു ഈ വിദേശ സ്ഥാപ നത്തിൻെറ പേര്. എന്താണീ സംഘടന? എന്തുകൊണ്ടിതിനിത്ര പ്രാധാന്യം ലഭിക്കുന്നു?

അന്താരാഷ്ട്ര നാണയനിധി പ്രത്യക്ഷത്തിൽ ഇന്ത്യയടക്കമുള്ള ഒട്ടെല്ലാ രാജ്യങ്ങളും അംഗങ്ങളായുള്ള ഒരന്താരാഷ്ട്ര ബാങ്കാണെന്നു പറയാം. പക്ഷേ, നാണയനിധി സാധാരണരീതിയിലുള്ള ബാങ്ക് ഇടപാടുകളിലല്ല ഏർപ്പെടു ന്നത്. വിദേശനാണയ പ്രതിസന്ധിയിലുഴലുന്ന അംഗരാജ്യങ്ങക്കു വായ്പ നൽകലാണു നാണയനിധിയുടെ കടമ. ഇപ്രകാരം വായ്പ നൽകുമ്പോൾ വിദേശനാണയപ്രതിസന്ധി പരിഹരിക്കാനുള്ള ഉപദേശങ്ങൾ കൂടി സ്വീകരി പ്പിക്കാനുള്ള അവകാശവും നാണയനിധിക്കുണ്ട്. ഇതിൽ അസ്വാഭാവിക മായി ഒന്നും പെട്ടെന്നു കാണാൻ കഴിഞ്ഞെന്നു വരില്ല. എല്ലാ ബാങ്കുകളും വയ്പ നൽകുമ്പോൾ സെക്യൂരിറ്റി വാങ്ങാറില്ലേ എന്ന ന്യായം ചിലരുടെയെ ങ്കിലും മനസ്സിൽ ഉയർന്നേക്കാം. ഈ ശുദ്ധഗതിക്കാർ വിസ്മരിക്കുന്ന ഒരു പ്രധാനപ്പെട്ട വസ്തുത നാണയനിധിയുടെ നയങ്ങളുടെ മേൽ സാമ്രാജ്യത്വ രാജ്യങ്ങൾക്ക്, വിശേഷിച്ച് അമേരിക്കയ്ക്ക്, ഉള്ള നിയന്ത്രണമാണ്. തന്മൂലം നാണയനിധി തരുന്ന ഉപദേശങ്ങൾ അമേരിക്കയുടെയും മറ്റും ആഗോള താൽപര്യങ്ങൾക്ക് അനുസൃതമായിട്ടുള്ളവയായിരിക്കും. ഒട്ടെല്ലാ യ്പ്പോഴും അത് അവികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനും സ്വാതന്ത്ര്യത്തിനും ദോഷകരവും ആയിരിക്കും. സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കു നമ്മെപ്പോലുള്ള അവികസിത രാജ്യങ്ങളെ മുമ്പു ചെയ്തതുപോലെ നേരിട്ടു കോളണികളായി അടക്കി ഭരിക്കുക ഇന്നു സാധ്യമല്ല. അതുകൊണ്ട് അവിക സിത രാജ്യങ്ങളെ പൊൽപ്പടിക്കു നിർത്തി തങ്ങളുടെ കൊള്ള നടത്തുവാൻ അവരിന്നു പുതിയ മാർഗങ്ങളുപയോഗപ്പെടുത്തുകയാണ്. (ഇതിനെ

യാണു നിയോ കൊളോണിയലിസം എന്നുപറയുന്നത്'). ഇതിൽ സുപ്രധാന മായ ഒരു സ്ഥാനം അന്താരാഷ്ട്രനാണയനിധിക്കുണ്ട്.

ഏതാണ്ടിതൊക്കെത്തന്നെ നാണയനിധിയുടെ ഒരു സഹോദരസ്ഥാപന മായ ലോകബാങ്കിനെക്കുറിച്ചും പറയാം. വിദേശനാണയ പ്രതിസന്ധി പരിഹ രിക്കാൻ പൊതുവായ്പകളാണു നാണയനിധി നൽകുന്നതെങ്കിൽ ലോക ബാങ്ക് വായ്പ നൽകുക പ്രത്യേക വികസന പ്രോജക്ടുകൾക്കു വേണ്ടി യാണ്. പക്ഷേ, വികസന പദ്ധതികൾക്കു ലോകബാങ്കു വായ്പ ലഭിക്കണമെ ങ്കിൽ ആ പദ്ധതി നടത്തിപ്പു ബാങ്കു പറയുന്ന വിധമാകണം. മാത്രമല്ല പല പ്പോഴും പദ്ധതികളുമായി ബന്ധപ്പെട്ട മേഖലകളിലെ വികസനനയങ്ങളും ലോകബാങ്കിൻെറ ഉപദേശപ്രകാരം മാറ്റുന്നതിനു വായ്പയെടുക്കുന്ന രാജ്യ ങ്ങൾ നിർബന്ധിതരായിത്തീരും. അങ്ങനെ നാണയനിധി മുകളിൽ നിന്നാണു ചരടു വലികൾ നടത്തുന്നതെങ്കിൽ ലോകബാങ്ക് താഴത്തുനിന്നാണു തുര പ്പൻ പണികൾ നടത്തുന്നത്. രണ്ടിൻേറയും ലക്ഷ്യം ഒന്നുതന്നെ. സാമ്രാജ്യത്വ ത്തിനനുഗുണമായി നമ്മുടെ നാട്ടിലെ സാമ്പത്തിക വികസനത്തെ രൂപാന്ത രപ്പെടുത്തുക.

അന്താരാഷ്ട്രനാണയനിധിയും ലോകബാങ്കും പഴയ കൊളോണിയൽ മേധാവികളുടെ കുപ്പായമെടുത്തണിഞ്ഞിരിക്കുകയാണ്. മൂന്നാം ലോകരാ ജ്യങ്ങളിലെ പ്രാകൃതരെ നാഗരികതയിലേക്കു നയിക്കാനെന്നു പറഞ്ഞാ ണല്ലോ വെള്ളക്കാരൻ അഭിശപ്തമായ കൊളോണിയൽ യുഗത്തിനു തുടക്കം കുറിച്ചത്. ഈ പാരമ്പര്യം ഇന്നു ലോകബാങ്കും നാണയനിധിയും ഏറ്റെടുത്തി രിക്കുകയാണ്.

ഇന്ത്യയുടെ അന്തർദേശീയ കടഭാരത്തിൻെറ ഒരു ചെറിയ പങ്കു മാത്രമേ വരൂ ലോകബാങ്കും നാണയനിധിയും നേരിട്ടു തന്നിട്ടുള്ള വായ്പകൾ. ഇതു വിസ്മയകരമായി തോന്നിയേക്കാം. പക്ഷെ യാഥാർത്ഥ്യമതാണ്. ഉദാഹരണ ത്തിനു, ഇന്ത്യയുടെ മൊത്തം കടഭാരത്തിൻെറ മൂന്നു ശതമാനത്തിൽ താഴെയേ വരൂ അന്താരാഷ്ട്രനാണയനിധിയിൽ നിന്നുള്ള വായ്പകൾ. ഇതാണു ശരി യെങ്കിൽ നാണയനിധിക്കുള്ള അന്യാദൃശമായ സ്വാധീനത്തിൻെറ ഉറവിടമെ ന്താണ്? തങ്ങളെക്കാൾ അന്തർദേശീയ ബാങ്കുകളെയും അന്തർദേശീയ വായ്പ കൊള്ള കൊടുക്കലിനെയും നിയന്ത്രിക്കുന്നതിനു സമീപകാലത്തു നാണയനിധിയിക്കു കൈവന്ന കഴിവാണ് ഈ ശക്തിസ്രോതസ്സ്.

സമീപകാലത്ത് ഈ ശക്തി വർദ്ധിച്ചതിനു പശ്ചാത്തലമൊരുക്കിയത് രണ്ടു സംഭവവികാസങ്ങളാണ്. ഒന്നാമത്തേത് യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ചയാണ്. ഇതു നാണയനിധിയും മറ്റുമായി വിലപേശാ നുള്ള അവികസിത രാജ്യങ്ങളുടെ കഴിവിനെ ദുർബലപ്പെടുത്തിയിരി ക്കുന്നു. രണ്ടാമത്തെ സംഭവവികാസം അന്തർദേശീയബാങ്കുകൾ നാണയനി ധിയുമായി മറ്റെന്നത്തേക്കാളും ഏകോപിച്ചു പ്രവർത്തിക്കുന്നതിനു പ്രകടി പ്പിച്ചു കാണുന്ന സന്നദ്ധതയാണ്. ബഹുരാഷ്ട്ര കുത്തകബാങ്കുകൾ വൻതോ തിൽ അവികസിത രാജ്യങ്ങൾക്കു വായ്പകൾ നൽകിയിരുന്നു. ഭീമാകാര മായ വായ്പകൾ തിരിച്ചടയ്ക്കുന്നതുപോയിട്ടു വാർഷിക പലിശ അടയ്ക്കു ന്നതിനുപോലും പല അവികസിത രാജ്യങ്ങൾക്കും കഴിയുന്നില്ല. പല ബാങ്കു കളും പൊളിയുന്നതിൻെറ വക്കുവരെ എത്തി. തന്മൂലം ബഹുരാഷ്ട്രകുത്തക ബാങ്കുകൾ അന്താരാഷ്ട്ര വായ്പ കൊള്ള കൊടുക്കലിനു നാണയനിധിയുടെ

മാധ്യസ്ഥം അംഗീകരിച്ചിരിക്കുകയാണ്. നാണയനിധിക്കാകട്ടെ വിദേശബാങ്കുകളുടെ മുതലും പലിശയും തിരിച്ചു മേടിച്ചു കൊടുക്കാമെന്നു ഉറപ്പും നൽകിയിരിക്കയാണ്. നാണയനിധി പറയാതെ ലോകവായ്പാ കമ്പോളത്തിൽ നിന്ന് വായ്പ ലഭിക്കുക ഏതാണ്ട് അസാധ്യമായിരിക്കുന്നു എന്നുപറയാം.

1981-ൽ അന്താരാഷ്ട്രനാണയനിധിയുമായി ഇന്ത്യ ഏർപ്പെട്ട കരാർ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. ഇന്ത്യയുടെ പുത്തൻ സാമ്പത്തിക നയങ്ങളെ (അവയുടെ ചില പ്രധാന വശങ്ങളെ മുമ്പു സൂചിപ്പിച്ചുവല്ലോ) നാണയനിധി ഔപചാരികമായി അംഗീകരിച്ചഭിനന്ദിച്ചു. ഉദാരമായ ഒരു വായ്പയും ഉറപ്പു നൽകി. എവിടെ ചോദിച്ചാലും ഇന്ത്യക്കു വായ്പ കിട്ടും എന്ന നിലയായി. നാണയ നിധിയുടെ സർട്ടിഫിക്കറ്റുകളുള്ളതല്ലേ? പിന്നെന്തിനു ഭയപ്പെടണം വായ്പ നൽകാൻ?

ലോകബാങ്കിൻെറയും നാണയനിധിയുടെയും ഉപദേശപ്രകാരം ഇന്ത്യ ഇറക്കുമതി നിയന്ത്രണത്തിൽ കൂടുതൽ അയവുവരുത്തി. വ്യാപാരക്കമ്മി വർധിച്ചുകൊണ്ടിരുന്നു. ഇറക്കുമതിയെ ആശ്രയിച്ചുള്ള ഒട്ടേറെ പുതിയ വ്യവസായങ്ങളുയർന്നുവന്നു. അന്തർദേശീയമായി ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റം പ്രകീർത്തിക്കപ്പെട്ടു. പക്ഷേ , സാമ്പത്തികാഭിവൃദ്ധിയുടെ മരീചികയിൽ ഒരു പ്രധാനപ്പെട്ട യാഥാർഥ്യം വിസ്മരിക്കപ്പെട്ടു. കടഭാരം ഓരോ വർഷവും പെരുകികൊണ്ടിരിക്കുകയാണ്. കടംകൊണ്ടുള്ളൊരു ചൂതുകളിയിൽ ഭരണാധികാരികറം ഏർപ്പെട്ടിരിക്കുകയാണ്. രാഷ്ട്രത്തിൻെറ ഭാവിയെ ഇന്നത്തെ ഉല്ലാസത്തിനു വേണ്ടി പണയപ്പെടുത്തുകയാണ്.

കടത്തിന് മേലുള്ള ഇന്ത്യയുടെ ആശ്രിതത്വം വർധിച്ചതോടെ നാണയനിധിയും ലോകബാങ്കും സക്രൂകറം മുറുക്കി തുടങ്ങി. കൂടുതൽ കൂടുതൽ കർശനമായ ഉപദേശങ്ങറം നൽകിത്തുടങ്ങി. ചെറിയ ചെറിയ മാറ്റങ്ങറം പോര, ഒരു പൊളിച്ചുപണി തന്നെ വേണമെന്നായി. അവർ പറഞ്ഞ കാര്യങ്ങറം 1989-ലെ തെരഞ്ഞെടുപ്പു വർഷം നടപ്പാക്കാൻ പറ്റുന്നവയായിരുന്നില്ല. തിരഞ്ഞെടുപ്പു കഴിഞ്ഞ് അധികാരത്തിൽ വന്ന പുതിയ സർക്കാരിനാകട്ടെ വാഗ്ദാനങ്ങറം മറന്നു നാണയനിധിയുടെ ഉപദേശങ്ങറം സ്വീരിക്കുക എന്നത് അസാദ്ധ്യവുമായിരുന്നു. നാണയനിധിയുടെയും ലോകബാങ്കിൻെറയും മുഖം കറുത്തു. ഇന്ത്യക്കു കിട്ടുന്ന വായ്പകറം ശോഷിച്ചുതുടങ്ങി. വിദേശനാണയ കരുതൽ ശേഖരത്തിൽ നിന്നു പണമെടുത്തു ചെലവാക്കി കുറച്ചുനാറം കഴിഞ്ഞു. പിന്നെ കുറച്ചുനാറം സ്വർണ്ണം പണയം വച്ചു. ഇന്ത്യക്കു കടം നൽകുന്നതു അപകടമാണെന്ന് ഊഹാപോഹങ്ങറം പരന്നു. പഴയ വായ്പകളുടെ കാലാവധിതീരുന്ന മുറയ്ക്കു കടം തിരിച്ചുമേടിക്കാനല്ലാതെ പുതുതായി ഇന്ത്യക്ക് വായ്പ നൽകുവാൻ ആളില്ലാതെവന്നു. ഇന്ത്യ കെണിയിലായി.

നാണയനിധിക്ക് ഇന്ത്യയുടെ ഉറപ്പിലൊന്നും തൃപ്തിയില്ല. ആദ്യം പറയുന്ന കാര്യം ചെയ്യൂ, എന്നിട്ടാവാം പുതിയ വായ്പകറം എന്നാണ് അവരുടെ നിലപാട്. 1991-ലെ തിരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരത്തിലേറിയ മന്ത്രിമാർക്കു ബന്ധപ്പെട്ട രേഖകറം വായിക്കുന്നതിനുപോലും അവസരം കിട്ടുന്നതിനുമുമ്പു പുതിയ നയപ്രഖ്യാപനങ്ങറം ഒന്നൊന്നായി നടത്തേണ്ടിവന്നു. ഇന്ത്യൻ ഉദ്യോഗസ്ഥമേധാവികളും നാണയനിധിയുടെ വിദഗ്ധൻമാരും കൂടി കരടുപ്രഖ്യാപനങ്ങറം തയ്യാറാക്കി അവരെ കാത്തിരിക്കുകയായിരുന്നു എന്നു

വേണമെങ്കിൽ പറയാം. ഭരണപരമായ ഒരു അട്ടിമറി തന്നെയായിരുന്നു ഡൽഹിയിൽ നടന്നത്. നാല്പതുവർഷക്കാലത്തെ നയങ്ങൾ നാല്പതു ദിവസം കൊണ്ട് അട്ടിമറിക്കപ്പെട്ടു.

അടുത്തതായി നമുക്ക് ഏതൊക്കെയാണു പുതിയ പരിഷ്ക്കാരങ്ങൾ എന്നു പരിശോധിക്കാം. അവയുടെ യുക്തി എന്ത്? അവ നമ്മുടെ രാജ്യത്തെ എങ്ങോട്ടു നയിക്കും?

വ്യാപാര പരിഷ്ക്കാരങ്ങൾ

ഏറ്റവും പ്രധാനപ്പെട്ട പരിഷ്ക്കാരം വ്യാപാരമേഖലയിലാണ് നടന്നത്. ഈ പരിഷ്ക്കാരങ്ങളുടെ ആത്യന്തിക ലക്ഷ്യം ഇറക്കുമതിയുടെയും കയറ്റുമതിയുടെയും പേരിലുള്ള എല്ലാ നിയന്ത്രണങ്ങളും ഏഴു വർഷത്തിനകം നീക്കുക എന്നുള്ളതാണ്. അതോടൊപ്പം ഇന്ന് ഇരുന്നൂറും മുന്നൂറും വരുന്ന ഇറക്കുമതി ചുങ്കം എല്ലാ ചരക്കുകൾക്കും ഒരേപോലെ 30 ശതമാനമായി താഴ്ത്തുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ എടുത്തു കഴിഞ്ഞു. എന്തായിരിക്കും അനന്തരഫലമെന്ന് ഊഹിക്കുന്നതിനും വലിയ വൈദഗ്ധ്യം വേണ്ട.

നമ്മുടെ ഇറക്കുമതി കുത്തനെ ഉയരുമെന്ന് തീർച്ച. എന്നാൽ ഇതിനനുസരണമായി കയറ്റുമതി വർധിക്കാൻ പോകുന്നില്ല എന്നതും ഏതാണ്ട് തീർച്ച. കയറ്റുമതി വർധിക്കുന്നതിന് നമ്മൾ കയറ്റി അയക്കാൻ തീരുമാനിച്ചാൽ പോരല്ലോ. മറ്റേതെങ്കിലുമൊരു രാജ്യം അത് വാങ്ങാൻകൂടി തയ്യാറാകേണ്ടതുണ്ട്. പാശ്ചാത്യലോകത്തെ സാമ്പത്തികമാന്ദ്യം മൂലം ഇതിനുള്ള അഭിവാഞ്ഛ ശോഷിച്ചു വരുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. തങ്ങളുടെ വ്യവസായങ്ങളെയും മറ്റും രക്ഷിക്കാൻ പാശ്ചാത്യരാജ്യങ്ങൾ നാനാവിധനിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇവമൂലം ഇറക്കുമതി പെരുകുകയും കയറ്റുമതി വർധിക്കാതിരിക്കുകയും ചെയ്താൽ വ്യാപാരക്കമ്മിയും വിദേശനാണ്യ പ്രതിസന്ധിയും മൂർച്ഛിക്കുമെന്നും പറയേണ്ടതില്ലല്ലോ.

നാണയനിധിയും മുകളിൽ പറഞ്ഞ കാര്യങ്ങൾ സ്വീകാര്യമായി സമ്മതിക്കാൻ തയ്യാറാണ്. അതുകൊണ്ടാണ് വ്യാപാരപരിഷ്ക്കാരത്തോടൊപ്പം ഇന്ത്യൻ രൂപയുടെ വിദേശത്തെ വില അഥവാ വിദേശീയവിനിമയ നിരക്ക് വെട്ടിക്കുറയ്ക്കണമെന്ന് അവർ ആവശ്യപ്പെടുന്നത്. 1991മേയിൽ 21 രൂപ നൽകിയാൽ ഒരു ഡോളർ ലഭിക്കുമായിരുന്നു. എന്നാൽ നാണയനിധിയുടെ നിർദേശപ്രകാരം രൂപയുടെ വിനിമയനിരക്ക് വെട്ടിക്കുറച്ചു. തന്മൂലം 26 രൂപ നൽകിയാൽ മാത്രമേ ഒരു ഡോളർ ലഭിക്കൂ. ഡോളറിനെ അപേക്ഷിച്ച് രൂപയുടെ വില കുറഞ്ഞു. രൂപയെ അപേക്ഷിച്ച് ഡോളറിൻെറ വില ഉയർന്നു. എന്തു സാധനത്തിൻെറയും വില ഉയർന്നാൽ അതിൻെറ ആവശ്യക്കാർ കുറയും. ഡോളറിൻെറ വില 21രൂപായിൽ നിന്ന് 26 രൂപയായി ഉയർന്നല്ലോ. തന്മൂലം ഡോളറിൻെറ ആവശ്യക്കാർ കുറയും.വിദേശനാണയദൗർലഭ്യവും ഇല്ലാതാവും . ഇതാണ് വിനിമയ നിരക്ക് വെട്ടിക്കുറയ്ക്കുന്നതിലെ യുക്തി.

മുമ്പ് 21 രൂപ നൽകിയാൽ വിദേശത്തുനിന്ന് ഒരു ഡോളറിൻെറ ഉല്പന്ന

ങ്ങൾ ഇറക്കുമതി ചെയ്യാമായിരുന്നു. ഇന്നവ ഇറക്കുമതി ചെയ്യണമെങ്കിൽ 26 രൂപ നൽകണം. തന്മൂലം വിദേശത്തുനിന്ന് സാധനങ്ങൾ ഇറക്കുമതിചെയ്യുന്നത് സ്വാഭാവികമായി കുറയും എന്നാണ് നാണയ നിധിയുടെ വാദം. അതേ സമയം ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി കൂടും. കാരണം മുമ്പ് ഒരു ഡോളർ നൽകിയാൽ വിദേശിക്ക് 21 രൂപയുടെ സാധനങ്ങളെ ഇന്ത്യയിൽ നിന്ന് വാങ്ങുവാൻ പറ്റുമായിരുന്നുള്ളൂ. എന്നാൽ ഇന്ന് വിനിമയനിരക്കു പരിഷ്ക്കാരത്തിനുശേഷം 26 രൂപയുടെ സാധനങ്ങൾ വാങ്ങാൻ പറ്റും. വിദേശികൾ ഇന്ത്യയിൽ നിന്ന് കൂടുതൽ സാധനങ്ങൾ വാങ്ങും.

പ്രത്യക്ഷത്തിൽ യുക്തിഭദ്രമാണ് നാണയനിധിയുടെ വാദങ്ങൾ. പക്ഷേ, പ്രയോഗത്തിൽ പലപ്പോഴും ഇങ്ങനെയല്ല കാര്യങ്ങൾ നടക്കുക. ഇന്നത്തെ സ്ഥിതിയിൽ നമ്മൾ ഇറക്കുമതി ചെയ്യുന്ന പെട്രോളിയം, വളം, യുദ്ധസാമഗ്രികൾ തുടങ്ങിയവ എന്തു വിലകൊടുക്കേണ്ടിവന്നാലും ഇറക്കുമതി ചെയ്തേ പറ്റൂ എന്നതാണ് സ്ഥിതി. വില്കൂടിയതുകൊണ്ടുമാത്രം പണക്കാരുടെ വിദേശ ആഡംബരവസ്തുക്കളോടുള്ള പ്രിയം കുറയാനും പോകുന്നില്ല. ഇതിൻെറ ഫലമായി, രൂപയുടെ വിദേശവിനിമയനിരക്ക് വെട്ടിക്കുറച്ചതിൻെറ ഫലമായി, ഇറക്കുമതിച്ചെലവ് കുത്തനെ ഉയരുന്നതിനാണ് സാദ്ധ്യത.

അതേസമയം മുൻസൂചിപ്പിച്ച കാരണങ്ങൾകൊണ്ട് കയറ്റുമതി വരുമാനം വർധിക്കുമെന്ന് യാതൊരുറപ്പുമില്ല. വിനിമയ നിരക്ക് വെട്ടിക്കുറച്ചതുകൊണ്ട് വിദേശികൾക്ക് നമ്മുടെ ഉല്പന്നങ്ങൾ വിലകുറച്ചു വാങ്ങാനാവും എന്നത് സത്യമാണ്. (പണ്ട് ഒരു ഡോളർ നൽകേണ്ടിയിരുന്ന സാധനം വാങ്ങാൻ ഇന്ന് ഒരു ഡോളറിൽ താഴെ കൊടുത്താൽ മതിയാവുമെന്ന് നമ്മൾ കണ്ടുവല്ലോ) പക്ഷേ വിലകുറഞ്ഞതുകൊണ്ട് പല ഉല്പന്നങ്ങളുടെയും ഡിമാൻറ് കൂടണമെന്നില്ല. കപ്പയുടെ വില കുറഞ്ഞു എന്നതുകൊണ്ടു മാത്രം നമ്മൾ കൂടുതൽ കപ്പ കഴിക്കണമെന്നില്ലല്ലോ? മറ്റു ചില ചരക്കുകൾക്കാവട്ടെ ആവശ്യം വർധിച്ചുഎന്നതുകൊണ്ടു മാത്രം അവ കൂടുതൽ നൽകാൻ കഴിഞ്ഞെന്നും വരില്ല. കേരളത്തിലെ തവളക്കാൽ ജപ്പാൻകാർക്ക് എത്ര ഇഷ്ടമാണെന്ന് പറഞ്ഞാലും തവളക്കാൽ കയറ്റുമതി ഇനി വർധിപ്പിക്കാൻ പറ്റില്ലല്ലോ. ഇങ്ങനെ പലതും. ഇതിനൊക്കെപുറമെ അന്താരാഷ്ട്ര കമ്പോളത്തിൽ നമ്മോടു മത്സരിക്കുന്ന മറ്റു മൂന്നാം ലോകരാഷ്ട്രങ്ങൾ നിലനില്പിനുവേണ്ടി അവയുടെ ഉല്പന്നങ്ങളുടെ വിലയും കുറയ്ക്കാം. ഇതു സംഭവിച്ചാൽ വിനിമയ നിരക്കു വെട്ടിക്കുറച്ചതിൻെറ നേട്ടമേ ഇല്ലാതാകും എന്നു പറയേണ്ടതില്ലല്ലോ. അല്ല, അതു പറയാൻ പാടില്ല. നേട്ടമുണ്ടാകും ചിലർക്ക്. നമ്മെപോലുള്ള ദരിദ്രരാജ്യങ്ങളുടെ ഉല്പന്നങ്ങൾ വാങ്ങുന്ന വികസിത രാജ്യങ്ങൾക്ക്!

ഇതിനെ കുറിച്ച് കൂടുതൽ വിശദീകരിക്കാൻ ഒരുമ്പെടുന്നില്ല. സൈദ്ധാന്തിക ചർച്ചയുടെ ആവശ്യകത ഇല്ലതന്നെ. കഴിഞ്ഞ ഒരു പതിറ്റാണ്ടിൻെറ അനുഭവപാഠം നമ്മുടെ മുന്നിലുണ്ട്. 1981-ൽ ഒരു ഡോളറിനു 12 രൂപയായിരുന്നു വില. നാണയനിധിയുടെ ഉപദേശപ്രകാരം എൺപതുകളിലുടനീളം ഇന്ത്യാസർക്കാർ ആരോടും പറയാതെ രൂപയുടെ വിലയിടിയാൻ അനുവദിച്ചു വരുകയായിരുന്നു. അങ്ങനെയാണ് 1991 മെയ് മാസം 21 രൂപ = ഒരു ഡോളർ ആയിത്തീർന്നത്. രൂപയുടെ വില ഇപ്രകാരം കുത്തനെ കുറഞ്ഞിട്ടും ഇന്ത്യയുടെ വ്യാപാരക്കമ്മി ഭയാനകമായി ഉയരുകയല്ലേ ചെയ്തത്?

വിനിമയനിരക്ക് പരിഷ്ക്കാരത്തിൻെറ അനുകൂലപ്രത്യാഘാതങ്ങളെ

ചോർത്തിക്കളയുന്ന ഒരു ഘടകമാണ് വിലക്കയറ്റം. ഇറക്കുമതി ചെലവ് ഉയരുന്നത് വിലക്കയറ്റത്തിന് ആക്കം കൂട്ടുന്നു.ഇന്ത്യയിലെ വിലകൾ ഉയരുന്നതാകട്ടെ ഇന്ത്യയിൽനിന്നു വിദേശികൾ സാധനം വാങ്ങുന്നത് നിരുൽസാഹപ്പെടുത്തുന്നു. ഇതൊരു വിഷമചക്രം തന്നെ എന്നതിൽ സംശയമില്ല.

ആസൂത്രിതമായ സാമ്പത്തിക മാന്ദ്യം

ഈ വിമർശനങ്ങളും ഒരു പരിധിവരെ നാണയനിധിയുടെ വക്താക്കൾ അംഗീകരിച്ചുതരും. അതുകൊണ്ട് രൂപയുടെ വിനിമയനിരക്ക് വെട്ടിക്കുറയ്ക്കുന്നതോടൊപ്പം മറ്റ് അനുബന്ധ സാമ്പത്തിക പരിഷ്ക്കാരനടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നാണ് അവർ പറയുന്നത്. വിലക്കയറ്റവിരുദ്ധ നടപടികൾ. അല്ലെങ്കിൽ ഞെരുക്കുപരിപാടി എന്നെല്ലാമുള്ള പേരുകളിലാണ് ഈ അനുബന്ധ പരിഷ്ക്കാരപാക്കേജ് അറിയപ്പെടുന്നത്. ഈ പരിഷ്ക്കാരങ്ങളുടെ കാതൽ ഇതാണ്. ഇന്ത്യൻ സമ്പദ്ഘടനയുടെ വാങ്ങാനുള്ള കഴിവിനെ മൊത്തത്തിലൊന്ന് ഞെരുക്കുക. വാങ്ങൽകഴിവ് ചുരുങ്ങുമ്പോൾ ഇറക്കുമതി സ്വാഭാവികമായി കുറഞ്ഞു കൊള്ളും. അവശ്യസാധനങ്ങൾ പലതും മിച്ചം വരുന്നത് കയറ്റുമതി ചെയ്യാനും പറ്റിയേക്കും. ഇതിൻെറ ഫലമായി വ്യാപാരക്കമ്മി പരിഹരിക്കപ്പെടും. വിലക്കയറ്റം തടയപ്പെടും. വിദേശവിനിമയപ്രതിസന്ധി തീരും. നാണയനിധിയുടെ തലതിരിഞ്ഞ യുക്തി ഇതാണ്.

മൂന്നു വിഭാഗങ്ങളെയാണ് ഈ സാമ്പത്തികപരിഷ്ക്കാരങ്ങൾ ഞെരുക്കാൻ ശ്രമിക്കുന്നത്. പ്രഥമവിഭാഗം അധ്വാനിക്കുന്ന ജനങ്ങൾ തന്നെ. വിലക്കയറ്റത്തിന് അനുസൃതമായി തൊഴിലാളികളുടെ കൂലി ഉയരാൻ പാടില്ല എന്നത് നാണയനിധിയുടെ ഒരടിസ്ഥാന നയമാണ്. അതിനനുവദിച്ചാൽ വിലകളും കൂലിയും തമ്മിൽ ഒരോട്ട മത്സരമായിരിക്കും പിന്നെ നടക്കുക. വിലക്കയറ്റം കൂലി വർധനയ്ക്കിടയാക്കുന്നു. കൂലി വർധന വീണ്ടും വിലക്കയറ്റത്തിനിടയാക്കുന്നു. ഇങ്ങനെ വട്ടത്തിൽ വട്ടത്തിൽ വിലകൾ മുകളിലോട്ട് കയറും. ഈ വിഷമവൃത്തം മുറിക്കാനുള്ള മാർഗം വിലക്കയറ്റത്തിനിടയാക്കുന്ന സർക്കാർ നയങ്ങൾ തിരുത്തുക എന്നുള്ളതാണ്. എന്നാൽ നാണയനിധിയുടെ ശ്രമം ആ വഴിക്കല്ല. വിലക്കയറ്റത്തിൻെറ ഭാരം ജനങ്ങളിൽ അടിച്ചേൽപിച്ച് വിലക്കയറ്റം ചരടു പൊട്ടിക്കില്ല എന്നുറപ്പുവരുത്താനാണ് നാണയനിധി ശ്രമിക്കുന്നത്. ഇതിനുവേണ്ടി കൂലി വെട്ടിക്കുറയ്ക്കുക. കൂലി മരവിപ്പിക്കുക, ക്ഷാമബത്ത പിടിച്ചു വക്കുക, വേതന ആനുകൂല്യങ്ങൾ റദ്ദാക്കുക തുടങ്ങിയ പല നിർദേശങ്ങളും കേന്ദ്ര സർക്കാരിനു മുന്നിൽ അവർ സമർപ്പിച്ചിട്ടുണ്ട്. അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരത്തിനുമേലുള്ള മറ്റൊരു ആക്രമണ മുഖം സബ്സിഡികൾ നിർത്തലാക്കുക എന്നുള്ളതാണ്. ഭക്ഷ്യസബ്സിഡിതന്നെ ഒരു പ്രധാന ഇനം. റേഷനരിയുടെ വില ഗണ്യമായി ഉയർത്തിക്കഴിഞ്ഞു. പരിഗണനയിലിരിക്കുന്ന ഒരു നിർദേശം റേഷൻ സൗജന്യം പണക്കാർക്കു നൽകേണ്ടതില്ല എന്ന തത്വം പറഞ്ഞ് 50-60 ശതമാനം ആളുകളെ പൊതുവിതരണ സമ്പ്രദായത്തിൻെറ ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കണമെന്നതാണ്. ഇതു നടപ്പായാൽ ലാസ്റ്റുഗ്രേഡ് ജീവനക്കാരനു പോലും റേഷൻ ലഭിക്കില്ല.

നാണയനിധിയുടെ പരിഷ്ക്കാരങ്ങാം നടപ്പിലാക്കിയ രാജ്യങ്ങളിൽ സാർവ്വത്രികമായി അനുഭവപ്പെട്ടിട്ടുള്ള ഒരു പ്രത്യാഘാതം ജനങ്ങളുടെ ജീവിതനിലവാരത്തകർച്ചയാണ്. ലത്തീൻ അമേരിക്കൻ രാജ്യങ്ങളിലെ തൊഴിലാളികളുടെ കൂലി 1980-ൽ ഉണ്ടായിരുന്നതിനേക്കാാം 55 മുതൽ 20 ശതമാനംവരെ ഇന്ന് താഴ്ന്നിരിക്കുന്നു എന്നാണ് അന്താരാഷ്ട്ര തൊഴിൽ കാര്യ സംഘടനയുടെ കണക്കുകാം സൂചിപ്പിക്കുന്നത്.

നാണയനിധിയുടെ രണ്ടാമത്തെ ഉന്നം സർക്കാർ ചെലവുകളാണ്. ഇതിനവർ പിടിക്കുക സർക്കാർ ധനകാര്യമേഖലയിലെ ദുർബല കണ്ണിയായ ബഡ്ജറ്റ് കമ്മിയിലാണ്. സർക്കാരിൻെറ വരുമാനം കവിഞ്ഞു ചെലവാക്കുന്ന പണത്തിനെയാണല്ലോ കമ്മി എന്നുപറയുന്നത്. ഇന്ന് ഇന്ത്യാ സർക്കാർ ചെയ്യുന്നതുപോലെ വരുമാനം നോക്കാതെ പണം ചെലവാക്കി കമ്മി വർധിപ്പിക്കാൻ സർക്കാരിനെ അനുവദിക്കണമെന്നു തലയ്ക്ക് വെളിവുള്ള വരാരും വാദിക്കില്ല. പക്ഷേ, നാണയനിധിയുമായിട്ടുള്ള അഭിപ്രായവ്യത്യാസം കമ്മികുറയ്ക്കണമോ വേണ്ടയോ എന്നതിനെക്കുറിച്ചല്ല. കമ്മി എങ്ങനെ കുറയ്ക്കണം എന്നതിനെക്കുറിച്ചാണ്. പണക്കാരുടെ മേൽ നികുതി ചുമത്തുന്നതിനു പകരം പരോക്ഷനികുതിയിലൂടെ സാധാരണക്കാരെ പിഴിയണമെന്നാണ് നാണയനിധി പറയുന്നത്. പൊതുമേഖല കാര്യക്ഷമത ഉയർത്തി അവ ലാഭകരമാക്കുന്നതിനു പകരം നാണയനിധിയുടെ ഉപദേശം അവ വിറ്റു കാശാക്കാനാണ്. കള്ളപ്പണക്കാരെ വേട്ടയാടി വരുമാനം വർധിപ്പിക്കാനല്ല. വികസന ചെലവുകളും പാവപ്പെട്ടവർക്കുള്ള സബ്സിഡികളും വെട്ടിക്കുറച്ച് ചെലവ് ചുരുക്കാനാണ് നാണയനിധിക്ക് താൽപര്യം. ഇങ്ങനെ ജനവിരുദ്ധമായ രീതിയിൽ സർക്കാർ ചെലവുകളെ കർശനമായി നിയന്ത്രിക്കുകയാണ് നാണയനിധിയുടെ കമ്മി ചുരുക്കൽ പദ്ധതിയുടെ കാതൽ.

സാമ്പത്തിക ഞെരുക്കപരിപാടിയുടെ മൂന്നാമത്തെ ഉന്നം ചെറുകിട പിന്നോക്ക വ്യവസായികളാണ്. കാര്യക്ഷമമല്ലാത്ത സ്ഥാപനങ്ങളെ നിലനിർത്തുന്നതിനുള്ള ശ്രമം ഉപേക്ഷിക്കണം എന്നതാണ് നാണയനിധിയുടെ മതം. പലിശനിരക്കുയർത്തുന്നതും വായ്പ ചുരുക്കുന്നതും സാമ്പത്തികപ്രവർത്തനത്തെ മൊത്തത്തിൽ പ്രതികൂലമായി ബാധിക്കുന്നു. സാമ്പത്തിക ഉത്തേജനം കുറയുന്നു. കാര്യക്ഷമത കുറഞ്ഞ പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടാൻ നിർബന്ധിതമാകുന്നു. കുറച്ച് നല്ല സ്ഥാപനങ്ങളും പൂട്ടിപ്പോയേക്കാം. അതു പൊതു നന്മക്കുവേണ്ടി നൽകേണ്ടുന്ന ഒരു ചെറിയ വിലമാത്രമാണെന്നാണ് നാണയനിധി പറയുക. ജനങ്ങളുടെ വാങ്ങൽ കഴിവിനുണ്ടാകുന്ന ഇടിവ്, സർക്കാരിൻെറ ചെലവ് ചുരുക്കൽ, ഉല്പാദന മേഖലയിലെ മുരടിപ്പ് എന്നിവയെല്ലാം കൂടി സമ്പദ്ഘടനയിൽ മൊത്തത്തിൽ ആസൂത്രിതമായ ഒരു മാന്ദ്യം തന്നെ സംഭവിക്കും. ഈ മാന്ദ്യമാണ് ഇറക്കുമതി നിയന്ത്രണാധീനമായി തീരും എന്നതിൻെറ ഉറപ്പ്. ഈ മാന്ദ്യം വിലക്കയറ്റത്തെ പിടിച്ചു നിർത്തും. കാര്യക്ഷമത കുറഞ്ഞ സ്ഥാപനങ്ങളുടെ തകർച്ച സമ്പദ്ഘടനയുടെ കാര്യക്ഷമത മൊത്തത്തിൽ ഉയർത്തും. ഇതൊക്കെയാണു നാണയനിധിയുടെ ഭാവനകാം.

ഇറക്കുമതി നിയന്ത്രണങ്ങളിൽ അയവു വരുത്തുന്നതു സാമ്പത്തിക മാന്ദ്യത്തെ രൂക്ഷമാക്കും എന്നു പറയേണ്ടതില്ലല്ലോ. ഇറക്കുമതി നിയന്ത്രണ

ങ്ങളെല്ലാം നീക്കം ചെയ്യുന്നതോടെ അന്തർദേശീയ മത്സരശേഷിയുള്ള സ്ഥാപനങ്ങൾക്കേ ഇന്ത്യയിൽ നിലനിൽക്കാനാകൂ എന്ന സ്ഥിതി വരും. ഇതു സൃഷ്ടിക്കാൻ പോകുന്ന വ്യവസായ തകർച്ച ഊഹിക്കാനാവില്ല. ലോകബാങ്കിൻെറതന്നെ ഒരുപഠനം കാണിക്കുന്നത് ഈ വ്യാപാരപരിഷ്ക്കാരത്തിൻെറ കാലയളവായ അടുത്ത ഏഴുവർഷക്കാലം ഇന്ത്യയിൽ വ്യവസായ വളർച്ചയേ ഉണ്ടാവുകയില്ല എന്നാണ്. എഞ്ചിനിയറിംഗ്, രാസവസ്തു നിർമാണം തുടങ്ങിയ അടിസ്ഥാന മേഖലകളിലാകട്ടെ ഉല്പാദനം കുറയുമെന്നു പോലും ഈ പഠനം പ്രവചിക്കുന്നു.

ഒന്നര വർഷത്തെ റെക്കോർഡ്

പ്രവചനങ്ങളുടെ ആവശ്യം ഇനിയില്ല. പുതിയ നയങ്ങളുടെ ഒന്നര വർഷത്തെ പ്രവർത്തന റെക്കോർഡ് നമ്മുടെ മുന്നിലുണ്ട്. 80 കളിൽ 5.5 ശതമാന നിരക്കിൽ വർദ്ധിച്ച ദേശീയ വരുമാനം 1991-92 -ൽ 2 ശതമാനത്തിൽ താഴെ മാത്രമാണ് ഉയർന്നത്. കാർഷിക ഉല്പാദനം 1 ശതമാനം കുറഞ്ഞു. വ്യവസായത്തിൽ പൂജ്യം വളർച്ചയാണ് ഉണ്ടായത്. എന്നുവെച്ചാൽ ഉണ്ടായ സാമ്പത്തിക വളർച്ച വ്യപാരാദി സേവന മേഖലകളിൽ മാത്രമായിരുന്നു.

ഇനി ഇപ്പോഴം നടപ്പുവർഷം എന്താണു സംഭവിക്കാൻ പോകുന്നത്? സർക്കാർ വക്താക്കൾ പോലും അവകാശപ്പെടുന്നത് ഈ വർഷത്തെ ഉല്പാദനം കഴിഞ്ഞ വർഷത്തേക്കാൾ മോശമാവില്ല എന്നുമാത്രമാണ്. ഈ ശുഭ പ്രതീക്ഷക്ക് അടിസ്ഥാനം മുഖ്യമായും മോശമല്ലാത്ത മഴ ലഭിച്ചതിനാൽ കാർഷിക ഉല്പാദനം മെച്ചപ്പെടുമെന്നതാണ്. ഇതു കുറച്ചു ശരിയാണ്. പക്ഷേ മഴമാത്രമല്ലല്ലോ കാർഷിക അഭിവൃദ്ധിയെ നിർണയിക്കുന്നത്. ഇന്നു എടുത്തു വരുന്ന നടപടികളിൽ പലതും കാർഷിക മേഖലയെ മുച്ചൂടും മുടിക്കാൻ പോന്നതാണ്.

വളം സബ്സിഡി പിൻവലിച്ചതോടെ പല ഇനം വളങ്ങളുടെയും വില കുതിച്ചു കയറുകയാണ്. ഫാക്ടംഫോസിൻെറ വില ചാക്കിന് (50കിലോ) 175 രൂപയിൽ നിന്നു 355 രൂപയായി. പൊട്ടാഷിൻേറത് 82 രൂപയിൽനിന്നു 312 രൂപയായി. മൊത്തം 4600 കോടി രൂപയാണ് വളം ഇനത്തിൽ ഇന്ത്യയിലെ കർഷകർ നേരിടുന്ന അധികച്ചെലവ്. കൃഷിക്കുള്ള വൈദ്യുതിയുടെ വില യൂണിറ്റിന് മിനിമം 50 പൈസ ആയിരിക്കണമെന്ന ലോക ബാങ്ക് നിർദ്ദേശം നടപ്പായി തുടങ്ങി. ഇന്നത്തെ ശരാശരി നിരക്ക് 15 പൈസയാണ്. ഈ ഇനത്തിൽ 1600 കോടി രൂപ കൃഷിക്കാർ നൽകേണ്ടിവരും. വെള്ളക്കരവും വർദ്ധിപ്പിക്കാൻ പോകുന്നു. കാർഷിക മേഖലയിലും ഇറക്കുമതി നിയന്ത്രണങ്ങളിൽ അയവു വരുത്തിക്കൊണ്ടിരിക്കുന്നു, കൃഷിക്കും പെറുകിട വ്യവസായങ്ങൾക്കും മറ്റുമായി ബാങ്കുവായ്പകളിൽ 40 ശതമാനം കുറഞ്ഞ പലിശക്കു നീക്കിവച്ചിരുന്നത് 10 ശതമാനമാക്കി ചുരുക്കാൻ പോകുന്നു. ഇവയൊക്കെ കാർഷിക ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുമോ, ഇന്നല്ലങ്കിൽ നാളെ?

വ്യവസായ ഉല്പാദനത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഇടിവ് ഈ വർഷം നികത്തപ്പെടുമെന്നാണ് അധികൃതർ ആശിക്കുന്നത്. ഇഷ്ടം പോലെ വായ്പ ലഭിച്ചതുകൊണ്ട് അസംസ്കൃത വസ്തുക്കളും യന്ത്ര സാമഗ്രികളും 80 കളിലെ

ന്നപോലെ ഇറക്കുമതി ചെയ്യാനായി. തന്മൂലം ഇവ ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ നില മെച്ചപ്പെടുമെന്നാണു പ്രതീക്ഷ. പക്ഷെ ഇവയോടൊപ്പം പല അനാവശ്യ-സുഖഭോഗ ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യപ്പെടുന്നുവെന്ന വസ്തുത ഇവർ വിസ്മരിച്ചു കളയുന്നു. വാഹനങ്ങളുടെയും ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെയും ഇറക്കുമതി ഇന്ത്യയിൽ ഇവയുണ്ടാക്കുന്ന വ്യവസായങ്ങളിൽ മാന്ദ്യം സൃഷ്ടിച്ചിരിക്കുന്നു. അടിസ്ഥാന-യന്ത്ര വ്യവസായങ്ങൾ ആകെ പ്രതിസന്ധിയിലാണ്. ഇറക്കുമതി ചുങ്കം കുറച്ചതു ഫാക്ടിന്റെ കാപ്രോലാക്ടം പ്ലാന്റിന്റെ നിലനില്പിനെ തന്നെ ബാധിച്ചിരിക്കുന്നു. നാഫ്തയുടെ വില വർധിച്ചതുമൂലം ഫാക്ടിന്റെ അമോണിയ പ്ലാന്റ് അടച്ചു പൂട്ടലിന്റെ വക്കത്താണ് ....ഇങ്ങനെ എത്രയെത്ര ഫാക്ടറികൾ നാശഗർത്തത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു.

വിദേശ നാണയമില്ലാത്തതു കൊണ്ട് ഇറക്കുമതി അസാധ്യമായി തീർന്നതിനാൽ കഴിഞ്ഞ വർഷം വിദേശവ്യാപാരകമ്മി കുത്തനെ കുറഞ്ഞതു ഭരണാധികാരികൾ വലിയനേട്ടമായി എടുത്തുകാട്ടാറുണ്ട്. എന്നാൽ അതൊരു താല്കാലിക പ്രതിഭാസം മാത്രമായിരുന്നുവെന്നു തെളിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം 3835 കോടി രൂപ മാത്രമേ വിദേശ വ്യാപാരത്തിൽ കമ്മി വന്നുള്ളൂ. ഈ ധനകാര്യവർഷത്തിന്റെ ആദ്യത്തെ മൂന്നുമാസം കമ്മി ഈ തുകയെ കവച്ചു വച്ചുകഴിഞ്ഞു. വർഷാവസാനമാകുമ്പോൾ വ്യാപാര കമ്മി 12,000 കോടി രൂപയെങ്കിലുമായിരിക്കും എന്നാണു മതിപ്പു കണക്ക്.

വ്യവസായമാന്ദ്യം ഇപ്പോൾത്തന്നെ ഗുരുതരമായിതീർന്നിരിക്കുന്ന തൊഴിലില്ലായ്മയെ ആപത്കരമായ സ്ഥിതിവിശേഷത്തിലേക്ക് എത്തിക്കും. താരതമ്യേന അതിവേഗതയിൽ വ്യവസായ വളർച്ചയുണ്ടായ എൺപതുകളിൽപോലും നാമമാത്രമായ തൊഴിലവസര വർധനയേ ഉണ്ടായിട്ടുള്ളൂ. സൂക്ഷ്മമായ പരിശോധന കാണിക്കുന്നത് സ്വകാര്യ വ്യവസായമേഖലയിലെ തൊഴിലാളികളുടെ എണ്ണം എൺപതുകളിൽ ഏതാണ്ട് മൂന്നുലക്ഷം കണ്ട് കുറഞ്ഞു എന്നാണ്. ഇതാണ് എൺപതുകളിലെ സ്ഥിതിയെങ്കിൽ വ്യവസായ വളർച്ചയേ ഉണ്ടാകില്ല എന്നു പ്രവചിക്കുന്ന തൊണ്ണൂറുകളിൽ തൊഴിലില്ലായ്മയുടെ സ്ഥിതി എന്തായിരിക്കും? ഒരു കോടിയിൽപരം പേർ അടുത്ത രണ്ടുവർഷത്തിനകം തൊഴിലില്ലാത്തവരുടെ അണിയിൽ ചേരുമെന്നാണ് ഒരു ഐക്യരാഷ്ട്രസഭാ ഏജൻസിയുടെ പഠനം പ്രവചിക്കുന്നത്.

ഇതുവരെയുള്ള വിശകലനം, വരാൻപോകുന്ന വർഷങ്ങളിൽ നമ്മെ എന്താണു കാത്തിരിക്കുന്നതെന്നു വ്യക്തമാക്കുന്നു. നിങ്ങൾക്കൊരു ജോലി കിട്ടിയാൽ ഭാഗ്യവാൻ എന്ന് കരുതിക്കോളൂ. ജോലിയുള്ള ഭാഗ്യവാൻമാരുടെ വരുമാനത്തെയാകട്ടെ ഒരു വശത്ത് വിലക്കയറ്റവും മറുവശത്തു സബ്സിഡികളുടെ വെട്ടിക്കുറവും കൂടി ഞെരുക്കുന്നു. ജീവിതചെലവു കുത്തനെ ഉയരും. ഈ വർഷം ജീവിത വിലസൂചിക 15 ശതമാനമെങ്കിലും ഉയരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

പുതിയ പരിഷ്ക്കാരങ്ങളുടെ യുക്തിവൈകൃതം, അവ മുണ്ടില്ലാത്തവരെക്കൊണ്ടു മുണ്ടു മുറുക്കി ഉടുക്കാൻ നിർബന്ധിക്കുമ്പോൾ പണക്കാരെ വെറുതെ വിടുന്നു എന്നുള്ളതാണ്. പണക്കാരുടെ മേലുള്ള നികുതി ചുരുക്കുന്നു. നികുതി വെട്ടിച്ചാലും ശിക്ഷയില്ല. കറുത്ത പണം വെള്ളപ്പണമാക്കാനുള്ള പദ്ധതികൾ, കള്ളക്കടത്തുകാരുടെ വിദേശപണത്തിനു സൗജന്യങ്ങൾ

ഇങ്ങനെ എന്തെല്ലാം. പണമില്ലാത്തവൻ പിണമാണെന്ന സത്യം ഇത്രമേൽ വെളിവായ മറ്റൊരു കാലമുണ്ടോ? നാലു പതിറ്റാണ്ട് കഴിഞ്ഞിട്ടും പാവപ്പെട്ടവൻെറ വിശപ്പകറ്റുന്നതിൽ പരാജയപ്പെട്ട ഭരണാധികാരികൾ എത്തിച്ചേർന്നിരിക്കുന്ന നിഗമനമെന്തെന്നോ? പണക്കാരൻെറ സദ്യ കെങ്കേമമാക്കുക. എങ്കിൽ ചില റൊട്ടിത്തരികൾ മേശക്കടിയിലെ പാവപ്പെട്ടവർക്ക് ലഭിക്കുമെന്ന് ഉറപ്പാക്കാം പോലും.

സാമ്പത്തിക മാന്ദ്യവും പെരുകുന്ന ദാരിദ്ര്യവും ഇന്ത്യയിലെ സാമൂഹ്യ അസ്വസ്ഥതകളെ രൂക്ഷമാക്കുന്നു. സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടുവരുന്നതിന് ഇതുവരെയുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടു. ആയതിനാൽ ഇത്തരം ശ്രമങ്ങളെല്ലാം വേണ്ടെന്നു വെക്കാനാണ് പുറപ്പാട്. ആളും അർഥവും കമ്പോളഹിതപ്രകാരം ഒഴുകട്ടെ എന്നാണ് പുതിയ മതം ശിഥിലീകരണ പ്രവണതകൾക്ക് ഇതു വളം വെയ്ക്കും.

ദേശീയ പാരമ്പര്യങ്ങളേ വിട

എത്രനാൾ ഈ സ്ഥിതിവിശേഷം തുടരണം? ഇന്ത്യാസർക്കാരിൻെറ പ്രതീക്ഷ മുഴുവൻ ബഹുരാഷ്ട്ര കുത്തകകളിലും അവരുടെ ഇന്ത്യൻ സഹകാരികളിലുമാണ്. ഇവർ പുതുമൂലധനം കൊണ്ടുവരും. പുതു സാങ്കേതിക വിദ്യകൾ സ്വീകരിക്കും. പുതു കമ്പോളങ്ങൾ നേടിയെടുക്കും. ഇവയൊക്കെയാണ് ശുഭപ്രതീക്ഷകൾ. നഗരരാഷ്ട്രങ്ങളായ ഹോങ്കോങ്ങും സിങ്കപ്പൂരും ഏതോ ഭാഗ്യം കൊണ്ട് രക്ഷപെട്ട കൊറിയക്കാരനും തായ്‌വാൻകാരനുമാണ് പുതിയ മാതൃകകൾ.

ഇന്ത്യാസർക്കാരിൻെറ പരിശ്രമം മുഴുവൻ കൂടുതൽ ബഹുരാഷ്ട്രകുത്തകകൾ വരാനുള്ള ഒരു പരിത:സ്ഥിതി ഇവിടെ സൃഷ്ടിക്കുകയാണ്. ഇതിനായി എന്തെല്ലാം ദേശീയ പാരമ്പര്യങ്ങൾ കുഴിവെട്ടിമൂടണം? ഏതെല്ലാം ദേശീയ നിയമങ്ങൾ തിരുത്തണം? അല്ലെങ്കിൽ നയങ്ങൾ മാറ്റണം? അനുകൂലഭാവത്തിനായി വിദേശമൂലധനത്തിനുമുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തുകയാണ് ഇന്ത്യാ സർക്കാർ.

പാശ്ചാത്യശക്തികൾ എല്ലാകാലത്തും നമ്മുടെ കമ്പോളങ്ങളിൽ അവരുടെ ഉല്പന്നങ്ങളുടെ മേൽ നിയന്ത്രണങ്ങൾ പാടില്ല എന്നു ശഠിച്ചിട്ടുണ്ട്. എന്നാൽ ഇന്നു ചരക്കുകളുടെ സ്വതന്ത്രവ്യാപാരം കൊണ്ടുമാത്രം അവർ തൃപ്തരല്ല. ഇന്ന് നമ്മുടെ വ്യവസായ മേഖലയിലും ബാങ്കിംഗ്, ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിലും യഥേഷ്ടം കടന്നുവരാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയാണ്അവർ വാശിപിടിക്കുന്നത്. സ്വതന്ത്ര വ്യാപാരമെന്നതിന് ഒരു പുതിയ നിർവചനമാണ് ഇന്നു പാശ്ചാത്യ മുതലാളിമാർ നൽകുന്നത്. വ്യാപാരത്തിനു മേൽ മാത്രമല്ല വ്യാപാരവുമായി ബന്ധപ്പെട്ട ഒന്നിനു മേലും നിയന്ത്രണം പാടില്ല എന്നതാണ് അവരുടെ വാദം. വ്യാപാരവുമായി എന്തിനെയാണു ബന്ധപ്പെടുത്താനാവാത്തത്? വ്യാപാരവുമായി ബന്ധപ്പെട്ട വിദേശ മൂലധന നിക്ഷേപം, വ്യാപാരവുമായി ബന്ധപ്പെട്ട ബാങ്കിംഗ് ഇൻഷുറൻസ് തുടങ്ങിയവ, വ്യാപാരവുമായി ബന്ധപ്പെട്ട ട്രേഡ്മാർക്ക്, പേറ്റൻറ് അവകാശം തുടങ്ങിയവ..... എന്നിങ്ങനെ പോകുന്നു പട്ടിക.

അന്തർദേശീയ വ്യാപാരത്തിനുമേലുള്ള ദേശീയ നിയന്ത്രണങ്ങൾ, അതാ

യത് ഇറക്കുമതി ചുങ്കം തുടങ്ങിയവ, പടിപടിയായി കുറച്ചു കൊണ്ടുവരുന്നതിനുള്ള ചർച്ചാവേദിയാണ് ഗാട്ട് എന്നുപറയുന്ന സംഘടന. ഗാട്ടിൻെറ ആഭിമുഖ്യത്തിലുള്ള ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ഉടമ്പടികളെ അടിസ്ഥാനമാക്കിയാണ് അന്തർദേശീയ വ്യാപാരം ഇന്നു നടന്നു വരുന്നത്. ഇതുവരെ ചരക്കുകളുടെ വ്യാപാരത്തിനെ സംബന്ധിച്ചേ ഉടമ്പടിയിൽ നിബന്ധനകൾ ഉൾപ്പെടുത്താറുള്ളൂ. അതിൽ തന്നെ അവികസിത രാജ്യങ്ങൾക്കു പല ഒഴിവുകളും നല്കുന്നുമുണ്ടായിരുന്നു. കാർഷിക ഉല്പന്നങ്ങളെയും ഒഴിവാക്കുകയായിരുന്നു പതിവ്. ഇത്തവണ ഈ ഒഴിവുകളെല്ലാം നീക്കം ചെയ്യണമെന്നാണു അമേരിക്ക ശഠിക്കുന്നത്. ഇതിനു പുറമേ വ്യാപാരവുമായി ബന്ധപ്പെടുത്തി വിദേശമൂലധനനിക്ഷേപം, സേവനതുറകൾ ഇവിടങ്ങളിലെല്ലാം അന്തർദേശീയ ഉടമ്പടി വേണമെന്നും ശഠിക്കുന്നു.

ഉല്പന്നങ്ങളുടെ വാണിജ്യകാര്യത്തിൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും തമ്മിലുള്ള തർക്കം മൂത്ത് ഗാട്ടിൻെറ ആഭിമുഖ്യത്തിൽ 6 വർഷത്തിലേറെയായി നടന്നു വരുന്ന ചർച്ചകൾ വഴിമുട്ടി നില്ക്കുകയായിരുന്നു. അതിപ്പോൾ ഏതാണ്ടു പരിഹരിച്ച മട്ടാണ്. പുതിയ ഗാട്ട് ഉടമ്പടി പ്രാബല്യത്തിൽ വരുന്നതോടെ നമ്മെപ്പോലുള്ള രാജ്യങ്ങളുടെ സാമ്പത്തിക പരമാധികാരത്തിനു മേൽ കൂച്ചുവിലങ്ങു വീണുകഴിഞ്ഞിരിക്കും. ബഹുരാഷ്ട്ര കുത്തകകളെ നിയന്ത്രിക്കുന്നതിനു നമ്മൾ ഉണ്ടാക്കുന്ന നിയമങ്ങൾ ഈ കുത്തകകളുടെ സ്വതന്ത്രമായ പ്രവർത്തനം സാർവദേശീയമായി ഉറപ്പുവരുത്തുന്ന ഗാട്ടു നിയമത്തിനു കീഴ്പ്പെടുത്തേണ്ടിവരും. ദേശീയ സാമ്പത്തിക ആസൂത്രണത്തിനും വിഭവ സമാഹരണത്തിനും സർവപ്രധാനമായ പങ്കു വഹിക്കാനാവുന്ന ബാങ്കിങ്ങ് പോലുള്ള സേവന തുറകളുടെ നിയന്ത്രണങ്ങൾ പലതും കൈവെടിയേണ്ടതായിവരും. എന്തിന്, ഭക്ഷ്യസ്വയംപര്യാപ്തതയെന്ന മുദ്രാവാക്യം പോലും വേണ്ടെന്നു വയ്ക്കേണ്ടി വരും. പുതിയ ഗാട്ട് ഉടമ്പടി പ്രകാരം സ്വാതന്ത്ര്യവ്യാപാരം കാർഷിക മേഖലയ്ക്കും ബാധകമാണ്. സൗജന്യങ്ങളും പ്രത്യേക ഉത്തേജനങ്ങളും നല്കി ഏതെങ്കിലും വിളയെ പ്രോത്സാഹിപ്പിക്കാൻ പാടില്ല. കൃഷിയും അന്തർദേശീയ മത്സരശേഷി നേടിയേ പറ്റൂ പോലും.

സാമ്രാജ്യത്വരാജ്യങ്ങളുടെ മറ്റൊരു കുൽസിത നീക്കം ശാസ്ത്രസാങ്കേതിക അറിവുകളുടെമേൽ വികസിതമുതലാളിത്ത രാജ്യങ്ങളിലെ കുത്തകകമ്പനികൾക്കുള്ള സ്വകാര്യ സ്വത്തവകാശം മൂന്നാം ലോക രാജ്യങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ്. ധൈഷണിക സ്വത്തവകാശം സംബന്ധിച്ച വിവാദങ്ങൾ ഇന്ന് ചൂടുപിടിച്ചു വരുന്നു. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെയും അറിവുകളുടെയും മേൽ കണ്ടുപിടുത്തക്കാരനോ അയാളുടെ കമ്പനിക്കോ ഉള്ള അവകാശത്തെ ഇന്ത്യൻ ദേശീയ താല്പര്യത്തിനനുസൃതമായി നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഇന്ത്യൻ പേറ്റൻറ് നിയമം ഭേദഗതി ചെയ്യണമെന്നാണ് അമേരിക്ക ഇന്ന് ആവശ്യപ്പെടുന്നത്. പേറ്റൻറ് അവകാശം നീതീകരിക്കപ്പെടാവുന്നതാണ് എന്നതിൽ തർക്കമില്ല. പക്ഷേ, ഈ സ്വത്തവകാശം ഇന്നു ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ സദ്ഫലങ്ങൾ ഉപഭോക്താക്കൾക്ക് നിഷേധിക്കുവാനും മൂന്നാം ലോകരാജ്യങ്ങളുടെ താല്പര്യങ്ങളെ ഹനിക്കുവാനും ബഹുരാഷ്ട്രകുത്തകകൾ ദുരുപയോഗപ്പെടുത്തിയിരിക്കുകയാണ്. ഇവയ്ക്കെതിരെ ചില നിയന്ത്രണങ്ങൾ ഇന്ത്യൻ പേറ്റൻറ് നിയമത്തിലുണ്ട്

എന്നതുമൂലം അമേരിക്കയുടെ കണ്ണിൽ ഇതൊരു കരടായിരിക്കുന്നു. ഇന്ത്യൻ പേറ്റൻറ് നിയമം ഭേദഗതി ചെയ്തില്ലെങ്കിൽ സ്പെഷൽ 301 നിയമപ്രകാരം ഇന്ത്യക്കെതിരെ വ്യാപാര ഉപരോധം ഏർപ്പെടുത്തുമെന്നാണ് അമേരിക്ക ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

വെള്ളക്കാരൻെറ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു നോക്കാം. അമേരിക്കൻ കമ്പനികൾ പേറ്റൻറ് ചെയ്തിട്ടുള്ള ഉല്പന്നങ്ങൾ തികച്ചും പുതിയ ഒരു ഉൽപാദന സമ്പ്രദായം ഉപയോഗിച്ചാണെങ്കിലും ഇന്ത്യയിലാരും ഉല്പാദിപ്പിക്കാൻ പാടില്ല എന്നാണ് അവരുടെ ഒന്നാമത്തെ ആവശ്യം. ഇപ്പോൾ ഏഴു വർഷം വരെയേ വിദേശ പേറ്റൻറ് അധികാരം ഇന്ത്യ അംഗീകരിക്കുന്നുള്ളൂ. ഇത് ഇരുപതു വർഷംവരെ ഉയർത്തണമെന്നാണ് മറ്റൊരു ഡിമാൻറ്. നിലവിലുള്ള നിയമപ്രകാരം ഒരു പേറ്റൻറ് ഉടമസ്ഥൻ അയാളുടെ പേറ്റൻറുപയോഗിച്ച് ഇന്ത്യയിലുല്പാദനം നടത്തുവാൻ വിസമ്മതിച്ചാൽ ഇന്ത്യാസർക്കാരിനു മറ്റാർക്കെങ്കിലും ബദൽ ലൈസൻസ് നൽകുന്നതിനുള്ള അവകാശമുണ്ട്. ഇത് പാടില്ല എന്നാണ് അമേരിക്ക പറയുന്നത്. പേറ്റൻറ് ഉടമസ്ഥൻ തൻെറ പേറ്റൻറുപയോഗിച്ച് വിദേശത്ത് ഉല്പാദനം നടത്തി ആ ഉല്പന്നം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്താലും പേറ്റൻറ് ഉപയോഗപ്പെടുത്തിയതായി പരിഗണിക്കണം എന്നാണ് അവർ പറയുന്നത്. ഇങ്ങനെ പലതും.

ഇന്ത്യൻ പേറ്റൻറ് നിയമം അമേരിക്ക പറയുന്നതുപോലെ ഭേദഗതി ചെയ്താൽ അത് പല ഉപഭോക്തൃ ഉൽപന്നങ്ങളുടെയും വില വർധനയ്ക്ക് ഇടയാക്കും. നമ്മുടെ കാർഷിക മേഖലയെ വിദേശികളുടെ സാങ്കേതിക അടിമത്തത്തിന് ഇരയാക്കും. ഔഷധ വ്യവസായങ്ങളെപ്പോലുള്ള ദേശീയ വ്യവസായങ്ങളുടെ തകർച്ചയിലേക്ക് നയിക്കും. ലോകബാങ്കിനെയും നാണയനിധിയെയും പ്രീതിപ്പെടുത്താനുള്ള വെപ്രാളത്തിൽ വ്യവസായനയത്തിൻെറ കാര്യത്തിലെന്നപോലെ പേറ്റൻറ് നയത്തിൻെറ കാര്യത്തിലും ഇന്ത്യാസർക്കാർ അടിയറവു പറയുന്നതിനാണ് സാധ്യത.

സ്വദേശിപ്രസ്ഥാനത്തിന് പൈതൃകമായി നമുക്കു ലഭിച്ചതും വ്യവസായവൽക്കരണത്തിനായി ഇതുവരെയുള്ള പ്രവർത്തനത്തിന് അടിത്തറയായി വർത്തിച്ചതുമായ വ്യവസായനയം അടിമുടി പൊളിച്ചെഴുതിയിരിക്കുകയാണ് പുതിയ വ്യവസായ നയപ്രഖ്യാപനത്തിലൂടെ. ഇന്ത്യയുടെ വ്യവസായ നയത്തിൽ ഒരു മാറ്റവും വേണ്ടിയിരുന്നില്ല എന്നാരും പറയുകയില്ല. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയെ തന്നെ ഇല്ലാതാക്കി എന്നതാണ് ഇന്നത്തെ അവസ്ഥ.

കമ്പോള മത്സരം ഉറപ്പാക്കാനെന്ന പേരിൽ വ്യവസായ ആസൂത്രണമേ വേണ്ടെന്നു വച്ചിരിക്കുകയാണ്. സാമൂഹ്യ മുൻഗണനാക്രമമോ സമ്പദ്ഘടനയുടെ മൊത്തത്തിലുള്ള ആവശ്യമോ അല്ല മറിച്ച് കമ്പോളമായിരിക്കും വ്യവസായവളർച്ചയുടെ ഗതിവിഗതി തീരുമാനിക്കുന്നത്. കമ്പോള മത്സരത്തിൻെറ പ്രണേതാക്കൾ അതേസമയം കുത്തകകളുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കിയിരിക്കുന്നു. പുതിയ നിയമപ്രകാരം കുത്തകകളെന്ന ഒരു വ്യവസായ വിഭാഗം പോലുമില്ല. കുത്തകകൾക്ക് ചെറുകിട ഫാക്ടറികളാരംഭിക്കുകയും ചെറുകിടവ്യവസായികൾക്കുള്ള ആനുകൂല്യമെല്ലാം പറ്റുകയുമാവാം. ഇതാണ് ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പി

ക്കാൻ കണ്ടെത്തിയിരിക്കുന്ന നൂതന മാർഗം!

ഏതായാലും പുതിയ വ്യവസായ നയപ്രഖ്യാപനംഒരു കുത്തകയെ ഇല്ലാതാക്കിയിട്ടുണ്ട്. പൊതുമേഖലയുടെ കുത്തകയെ! ഇതുവരെ പൊതുമേഖലയ്ക്കായി റിസർവ് ചെയ്തിരുന്ന തുറകളിൽ സ്വകാര്യ വ്യവസായികാംക്കും നിക്ഷേപം നടത്താം. പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുകയും അതിനു കഴിയാത്തവയെ അടച്ചുപൂട്ടുകയും ചെയ്യുക. വ്യവസായശാലകാം അടച്ചുപൂട്ടുന്നതിന് ഇന്ന് ഒട്ടേറെ കടമ്പകളുണ്ട്. അവയില്ലാതാക്കി വ്യവസായങ്ങാം പൂട്ടുന്നത് സുഗമമാക്കുന്നതിന് ഒരു 'എക്സിറ്റ് പോളിസി' കരുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 6 ലക്ഷം പൊതുമേഖലാ തൊഴിലാളികളാണ് ഇത്തരത്തിൽ പുറത്താക്കൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നത്.

അമ്പത്തൊന്നു ശതമാനംവരെ വിദേശ ഉടമസ്ഥതയിലാണെങ്കിൽപോലും ഇന്ത്യൻ കമ്പനികാംക്ക് തുല്യമായ പരിഗണന നൽകിക്കൊള്ളാമെന്ന് ഇതിനകം തന്നെ ഇന്ത്യാസർക്കാർ സമ്മതിച്ചിട്ടുണ്ട്. വേണമെങ്കിൽ ഓഹരി ഉടമസ്ഥത സംബന്ധിച്ച എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യാനുള്ള സന്നദ്ധതയും പ്രധാനമന്ത്രിതന്നെ പ്രകടിപ്പിച്ചിരിക്കുന്നു. വിദേശ സാങ്കേതിക സഹകരണങ്ങളുടെമേൽ നിയന്ത്രണങ്ങാം പാടില്ലെന്ന് മാത്രമല്ല അവയെ കൈയയച്ച് പ്രോത്സാഹിപ്പിക്കണമെന്നുമാണ് പുതിയ നയം.

പരമാധികാരം അപകടത്തിൽ

ഇതൊക്കെയാണെങ്കിലും ഇന്ത്യയെ രക്ഷിക്കാൻ ബഹുരാഷ്ട്രക്കുത്തക നിക്ഷേപം വരുമോ ഇല്ലയോ എന്ന കാര്യത്തിൽ വിദഗ്ധൻമാർക്കിടയിൽ ഏകാഭിപ്രായമില്ല. ഇന്ത്യയിൽ നേരിട്ട് വ്യവസായം ആരംഭിക്കാതെ തന്നെ ലാഭം തട്ടിയെടുക്കാമെങ്കിൽ എന്തിന് ബഹുരാഷ്ട്രക്കുത്തകകാം അനാവശ്യമായ റിസ്ക്ക് എടുക്കണം? രാഷ്ട്രത്തിൻെറ ഇന്നത്തെ നേതാക്കൻമാർക്ക് നട്ടെല്ലില്ലെങ്കിലും ഇന്ത്യൻ ജനതയുടെ ദേശാഭിമാന പാരമ്പര്യത്തെ ഇന്നും സാമ്രാജ്യത്വത്തിന് അവഗണിക്കാനാവില്ല. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്നപ്പോാം ഇന്ത്യയിൽ വിദേശ മൂലധന നിക്ഷേപം നടത്തുന്നതിന് യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. എന്നാൽ ബ്രിട്ടീഷ് മൂലധനത്തിന് ഇന്ത്യയിലേക്ക് വരുന്നതിനേക്കാാം കാനഡ, ആസ്ത്രേലിയ, ന്യൂസിലാൻറ് തുടങ്ങിയേടങ്ങളിലേക്ക് പോകുന്നതിനായിരുന്നു താൽപര്യം. ഇന്ന് ജപ്പാൻകാർക്ക് പൂർവേഷ്യൻ രാജ്യങ്ങാം അവരുടെ മുറ്റത്തുണ്ട്. പാശ്ചാത്യർക്കാകട്ടെ കിഴക്കൻ യൂറോപ്പും വെളിപ്പറമ്പായുണ്ട്.

ഇന്ത്യയിലേക്ക് വരുന്ന ബഹുരാഷ്ട്രക്കുത്തകകാം കേവലം ഷെയർ കാപ്പിറ്റൽ മാത്രമല്ല പ്രവർത്തനമൂലധനവും കൂടികൊണ്ടുവരണം എന്ന നിബന്ധന വയ്ക്കാൻപോലും ഇന്ത്യാസർക്കാർ തയ്യാറല്ല. ഈ വിദേശകമ്പനികാം ഇന്ത്യയിലേക്ക് കൊണ്ടുവരുന്ന സാങ്കേതിക വിദ്യകളെ മോണിറ്റർ ചെയ്യുന്നതിനോ സ്വാംശീകരിക്കുന്നതിനോ സർക്കാർ തുനിയുന്നില്ല. ഇന്ത്യയിൽ സ്ഥാപിക്കുന്ന ബഹുരാഷ്ട്രക്കുത്തകകളുടെ വ്യവസായശാലകാംക്ക് ആവശ്യമായ സാമഗ്രികാം ഘട്ടം ഘട്ടമായെങ്കിലും ഇന്ത്യയിൽ നിന്നുതന്നെ വാങ്ങണമെന്ന നിബന്ധനപോലും അംഗീകരിക്കുവാൻ അവർ തയ്യാറല്ല. എന്തിന് ഇപ്രകാരം ഇറക്കുമതിക്കു വേണ്ടിവരുന്ന വിദേശനാണയ ചെലവിനും ഇന്ത്യയിൽ

നിന്നു കടത്തിക്കൊണ്ടുപോകുന്ന ലാഭവിഹിതത്തിനും മറ്റും വേണ്ടിവരുന്ന വിദേശനാണ്യം പോലും കയറ്റുമതിയിലൂടെ നേടിക്കൊള്ളാമെന്ന ഉറപ്പു പോലും നൽകാൻ ബഹുരാഷ്ട്രകുത്തകകൾ തയ്യാറല്ല. ഇതൊക്കെ സംബ ന്ധിച്ച് തർക്കിക്കാൻ പോയാൽ വിദേശികൾക്ക് നമ്മളിലുള്ള വിശ്വാസം നഷ്ടപ്പെട്ടുപോയാലോ!

സമീപഭാവിയിൽ ഇന്ത്യയുടെ കയറ്റുമതി പെട്ടന്നുയരുന്നതിനുള്ള സാധ്യത ഇതിലേറെ വിരളമാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ച ഇന്ത്യൻ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കും. യൂറോപ്പിൻെറ ഏകീകര ണവും നമ്മെ പ്രതികൂലമായി ബാധിക്കാം. ലോകവ്യാപാരം തന്നെ വളരെ പതുക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്. നടപ്പു വർഷത്തെ കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നു എന്നാണ് പ്രാഥമിക കണ ക്കുകൾ സൂചിപ്പിക്കുന്നത്. അടുത്ത വർഷങ്ങളിൽ ഈ നിലയിൽ നിന്ന് എന്തെങ്കിലും ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാകാനുള്ള സാധ്യത വിരളമാണെന്നു പറയേണ്ടിയിരിക്കുന്നു.

ഇന്ത്യൻ ഭരണാധികാരികൾ സ്വീകരിച്ചിരിക്കുന്ന വികസന തന്ത്രത്തിന് ഇതിൽപരം മാരകമായ പ്രഹരം ഏൽക്കാനില്ല. പഴയ കടത്തിൻെറ പലിശയും കടഗഡുക്കളും അടയ്ക്കുന്നതിനും സാമ്പത്തിക മാന്ദ്യത്തിൽ നിന്നു രക്ഷ പ്പെടുന്നതിനും കയറ്റുമതി ദ്രുതഗതിയിൽ വളർന്നേ തീരൂ. ഇന്നത്തേതു പോലെ കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിക്കൊണ്ടിരുന്നാൽ ഇന്ത്യ യുടെ വിദേശകടഭാരം രണ്ടു വർഷത്തിനുള്ളിൽ രണ്ടര ലക്ഷം കോടി രൂപ കവിയുമെന്നു തീർച്ച. ഇതിൻെറ കടംസർവീസ് ചെലവാകട്ടെ 20,000 കോടി രൂപാ അധികരിക്കും. കയറ്റുമതി ഇന്നത്തെപ്പോലെ ഇഴഞ്ഞു മാത്രമാണ് ഉയരുന്നതെങ്കിൽ കടം സർവീസ് ചെലവുകൾ കയറ്റുമതിയുടെ 40 ശതമാന ത്തിലധികരിക്കും. തങ്ങളുടെ കയറ്റുമതിയുടെ 40-45 ശതമാനം കടം സർ വീസ് ചെയ്യാൻ ചെലവാക്കിക്കൊണ്ട് രക്ഷപ്പെട്ട ഒരു രാജ്യത്തിൻെറ കഥ ചരിത്രത്തിലില്ല. കഴിഞ്ഞൊരു വർഷമായി ഇന്ത്യ അഭിമുഖീകരിച്ച വിദേശ നാണ്യ പ്രതിസന്ധിയേക്കാൾ പല മടങ്ങ് രൂക്ഷമായ മറ്റൊരു പ്രതിസന്ധി ഏതാനും വർഷത്തിനുള്ളിൽ ഉറപ്പാണ്. ഈ ഭാവിപ്രതിസന്ധികാലത്ത് നമുക്ക് ജാമ്യം തരുന്നതിന് വിദേശികൾ ആവശ്യപ്പെടുന്ന വില ഊഹിക്കാനേ നിവൃത്തിയുള്ളൂ. ഇന്ന് നമ്മുടെ സാമ്പത്തിക നയങ്ങൾ നിർദേശിക്കുന്ന തിലും അവയുടെ നടപ്പാക്കൽ മോണിറ്റർ ചെയ്യുന്നതിലും അവർ സംതൃപ്ത രാണ്. വിദേശികളുടെ വിശ്വാസം ആർജിക്കുന്നതിന് ഇതിനെല്ലാം വഴങ്ങാൻ ഇന്ത്യാ സർക്കാർ സന്നദ്ധവുമാണ്.

സമീപകാലത്തു ഡൽഹിയിലുണ്ടായ ഒരു ചെറു സംഭവം മാത്രം ഇവിടെ വിവരിക്കട്ടെ. ഇന്ത്യയ്ക്കു വായ്പ നൽകാനായി പാരീസിൽ നടന്ന വിദേശ സർക്കാരുകളുടെ സംയുക്ത കോൺഫ്രൻസിൻെറ ഭാഗമായി ഒരു പ്രാരംഭ യോഗം ഡൽഹിയിൽ നടന്നു. സാധാരണഗതിയിൽ ഇത്തരം യോഗം ഔപചാ രികചടങ്ങായി ചുരുങ്ങുകയാണ് പതിവ്. എന്നാൽ ഇത്തവണ ലോകബാങ്ക് സംഘത്തലവൻ ഇന്ത്യൻ പ്രതിനിധി സംഘത്തോട് 'ഇന്ത്യയിലെ രാഷ്ട്രീയ മാനേജ്മെൻറിലെ അപര്യാപ്തതകളെ' വിമർശിച്ച് ഒരു സാരോപദേശ പ്രസംഗം തന്നെ നടത്തിയത്രെ. പുതിയ നയങ്ങൾ നടപ്പിലാക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇന്ത്യ ഇനിയും തെളിയിക്കണമത്രേ. പുതിയ പരിഷ്കാ

രങ്ങളെ സ്വാഗതം ചെയ്യുന്ന പ്രമുഖ പത്രങ്ങളിലൊന്നായ 'ഹിന്ദു'വിനു പോലും ഇത് സഹിച്ചില്ല. പഴയ ദേശീയ പാരമ്പര്യത്തിൻെറ സ്വൽപം ബാക്കി ഇന്നും ഈ പത്രത്തിനുണ്ട് എന്നു തോന്നുന്നു. ബാങ്കിൻെറ ഔദ്ധത്യത്തേയും ഇതിൽ ഒരക്ഷരംപോലും പ്രതിഷേധിക്കാതെ ലോകബാങ്കിനെ സമാധാനിപ്പിക്കാൻ ശ്രമിച്ച മന്ത്രിയേയും വിമർശിച്ച് 'ഹിന്ദു' ഒരു മുഖലേഖനം തന്നെ എഴുതി. പ്രത്യേകിച്ച് വിദേശ ഉപദേശ സഹായമൊന്നുമില്ലാതെ ഇന്ത്യയ്ക്ക് സ്വയം തീരുമാനമെടുക്കാൻ കഴിയുന്ന മേഖലയാണ് രാഷ്ട്രീയം. ഇതു സംബന്ധിച്ച് ഇന്ത്യൻ പാർലമെൻറിൽ സർക്കാർ നടത്തുന്ന പ്രഖ്യാപനങ്ങൾ മുഖവിലയ്ക്കെടുക്കാൻ വിദേശ ഏജൻസികൾ തയ്യാറാകുന്നതാണ് ഭംഗി (ഹിന്ദു. 17.08.1991)

വെല്ലുവിളികൾ വ്യക്തമാണ്. രാഷ്ട്രത്തിൻെറ പരമാധികാരം അപകടത്തിലായിക്കൊണ്ടിരിക്കുന്നു. നാം എങ്ങോട്ട്?

ഇങ്ങനെ ഐ.എം.എഫിനും ലോകബാങ്കിനും മറ്റും കീഴടങ്ങുക മാത്രമല്ല പുത്തൻ സാമ്പത്തിക നയത്തിൻെറ ദുഷ്ഫലം. സമ്പദ്‌വ്യവസ്ഥയെയാകെ അഴിമതിയിൽ കുളിപ്പിച്ചിരിക്കുന്നു. സ്റ്റോക് എക്സ്ചേഞ്ചുകളിൽ വിലകൾ കുത്തനെ കയറ്റി കൊള്ളലാഭം നേടുന്നതിനു ഹർഷദ്മേത്തയും മറ്റും നടത്തിയ നീക്കത്തിനു ഭരണാധികാരികൾ മൗനാനുവാദം നൽകി. ഇത്തരത്തിൽ വർധിക്കാനിടയായ ഓഹരി വിലകളെ ചൂണ്ടി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ കുതികൊള്ളുകയാണെന്ന് ധനകാര്യമന്ത്രി മൻമോഹൻ സിങ്ങും മറ്റും അവകാശപ്പെട്ടു. ഇത്തരം പ്രോത്സാഹന വചസ്സുകൾ അഴിമതി നടത്തി കൊള്ളലാഭം ഉണ്ടാക്കുന്നതിന് ബാങ്കുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഗവൺമെൻറിലും ഉന്നതസ്ഥാനം വഹിക്കുന്നവരെ പ്രേരിപ്പിച്ചു. അവർ നടത്തിയ അഴിമതിയുടെ പൂർണവിവരം പുറത്തുവന്നിട്ടില്ല. സംയുക്ത പാർലമെൻററി കമ്മിറ്റി (ജെ.പി.സി.) അന്വേഷിച്ചു വരികയാണ്. പുറത്തു വന്ന വസ്തുതകൾ തന്നെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ നടത്തപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ അഴിമതിയാണ് ഇത് എന്നു കാണിക്കുന്നു. പൊതുമേഖലാ ബാങ്കുകളിൽ നിന്നും ഒ.എൻ.ജി.സി. മുതലായ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ആയിരക്കണക്കിനു കോടി രൂപയാണ് ഓഹരി ഇടപാടുകൾക്കായി ചോർത്തിയെടുക്കപ്പെട്ടത്. വിദേശബാങ്കുകളും ഈ കരിഞ്ചന്തയിൽ സജീവമായി പങ്കെടുത്തു. മന്ത്രി ചിദംബരത്തിനും ഇന്ത്യയുടെ അറ്റോർണി ജനറലിനും ഈ കുംഭകോണത്തിലുള്ള പങ്ക് വ്യക്തമായതിനാൽ രാജിവച്ചൊഴിയേണ്ടി വന്നു. ജെ.പി.സി. അന്വേഷണം തീരുമ്പോഴേക്ക് ഇങ്ങനെ എത്രയോ തലകൾ ഉരുളാനിടയുണ്ട്.

ഇതൊന്നിൽ മാത്രമല്ല അഴിമതി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റതിലും ഇതുപോലെ വമ്പിച്ച അഴിമതി നടന്നത് വെളിവായിട്ടുണ്ട്. എന്തു കൊള്ളരുതായ്മയും കാണിച്ചും പൊതുഖജനാവ് കൊള്ളയടിക്കുന്നതിനു പ്രേരിപ്പിക്കുന്നതാണ് ഗവൺമെൻറിൻെറ പുതിയ നയങ്ങൾ. സ്വാഭാവികമായി ഇതിൻെറ സ്വാധീനം സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ പ്രകടമാകാൻ തുടങ്ങിയിട്ടുണ്ട്. നരസിംഹറാവു ഗവൺമെൻറ് നടപ്പാക്കിയത് ഒരു നയം മാറ്റമല്ല; സമൂഹത്തിൻെറ ഗതി തന്നെ തിരിച്ചുവിടുകയാണ്.

നാല്

ദേശാഭിമാനപരമായ ബദൽ

ഈ നയസംഹിതയല്ലാതെ ഇന്ത്യയുടെ പുരോഗതിക്കു വേറെ ഒരു പോംവഴിയും ഇല്ല എന്നാണ് ഇത് അടിച്ചേൽപിച്ച സാമ്രാജ്യശക്തികാംക്കും അതു നടപ്പാക്കി വരുന്ന റാവു ഗവർമെൻറിനും വേണ്ടിയുള്ള പ്രചാരണം. അതു ടി.വിയിൽ കണ്ടും റേഡിയോയിൽ കേട്ടും പത്രങ്ങളിലും മറ്റും വായിച്ചും അങ്ങനെ ചിന്തിക്കാൻ ജനസാമാന്യവും നിർബന്ധിതരായിരിക്കുന്നു. പിന്നിട്ട പാതകളിലേക്കു തിരിഞ്ഞു നോക്കാനോ സ്വതന്ത്രമായി ചിന്തിക്കാനോ സാധിക്കാത്ത വിധത്തിൽ ജനങ്ങളെ പ്രചാരണ കോലാഹലം വഴി അമ്പരപ്പിച്ചു നിർത്തുകയാണ് ഗവൺമെൻറ് ചെയ്യുന്നത്. ബുദ്ധിപരമായ ഈ വിറങ്ങലിപ്പിൽ നിന്നു അവരെ അടിയന്തിരമായി മോചിപ്പിക്കേണ്ടത് അവരുടെയും നാടിൻെറയും ആവശ്യമാണ്.

കടം വാങ്ങാതെ ഇന്നത്തെ വിദേശനാണയ പ്രതിസന്ധി എങ്ങനെ പരിഹരിക്കാനാകും? സബ്സിഡികാം വെട്ടികുറയ്ക്കാതെയും ചില പൊതുമേഖലാ ആസ്തികളെങ്കിലും വിൽക്കാതെയും എങ്ങനെ ബജറ്റ് കമ്മി കുറയ്ക്കാനാകും?

എത്ര വേദനാജനകമ്മാണെങ്കിലും ഇന്നത്തെ സ്ഥിതിയിൽ ഇവയല്ലാതെന്തു മാർഗം എന്നു ചോദിക്കുന്ന ശുദ്ധാത്മാക്കളോടു ഒരു കാര്യം ആദ്യമേ പറഞ്ഞുകൊള്ളട്ടെ: എന്തായാലും ഇന്നു നടപ്പാക്കികൊണ്ടിരിക്കുന്ന പരിഷ്കാരങ്ങാം പ്രതിസന്ധിയെ ശമിപ്പിക്കാനല്ല രൂക്ഷമാക്കാനാണു പോവുന്നത്.

കടം വാങ്ങി കൂട്ടി രാജ്യത്തെ കടക്കെണിയിലാക്കി. ഇനി അതിൽ നിന്നു രക്ഷപ്പെടാൻ മാർഗമെന്ത്? കൂടുതൽ കടം വാങ്ങുക! തൊലിക്കട്ടി അപാരം തന്നെ. മാത്രമല്ല ഈ പുതുവായ്പകാം ഉറപ്പാക്കാനായി വിദേശീയർ ചൊല്ലും പടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളാകട്ടെ നമ്മുടെ കൃഷിയുടേയും വ്യവസായത്തിൻേറയും അടിത്തറ എങ്ങനെ തോണ്ടുന്നുവെന്നത് മുൻപേജുകളിലെ പ്രതിപാദനത്തിൽ നിന്നു വ്യക്തമായിരിക്കുമല്ലോ. സ്വാതന്ത്ര്യാനന്തരകാലത്തു നേടിയ പരിമിതമായ സ്വാശ്രയശേഷിപോലും ഇല്ലാതാക്കുകയാണ് സാമ്രാജ്യത്വത്തിൻെറ ഉന്നം. വായ്പകളെടുത്തു പ്രതിസന്ധി പരിഹരിക്കാമെന്ന വ്യാമോഹം ഉപേക്ഷിക്കുക. കഴിവിനനുസരിച്ചേ ഇറക്കു മതി പാടുള്ളൂ എന്നു തീരുമാനിക്കുക.

1. വിദേശനാണയ പ്രതിസന്ധി: ആഡംബര വസ്തുക്കളുടെ ഇറക്കുമതി നിരോധിക്കണം. പെട്രോളിൻെറ ഉപഭോഗം കർശനമായി നിയന്ത്രിക്കണം. വേണ്ടിവന്നാൽ ഉചിതമായ റേഷനിങ് സമ്പ്രദായം സ്വകാര്യ വാഹനങ്ങൾക്ക് ഏർപ്പാടു ചെയ്യണം. ഇറക്കുമതി ചെയ്തു വരുന്ന യന്ത്രസാമഗ്രികളും മറ്റും പടിപടിയായി ഇന്ത്യയിൽ തന്നെ നിർമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ആയുധ ഇറക്കുമതി ഗണ്യമായി വെട്ടിക്കുറയ്ക്കണം.

വിദേശനാണയ വരുമാനം വർധിപ്പിക്കാൻ രണ്ടു സ്രോതസ്സുകൾ ഉണ്ട്. ഒന്നാമത്തേത് വിദേശ ഇന്ത്യക്കാരാണ്. വിദേശ ഇന്ത്യക്കാർക്കായുള്ള ഡെപ്പോസിറ്റുകളിൽ നിക്ഷേപിക്കുന്നവർക്ക് മാത്രമല്ല വിദേശത്തുനിന്നു നാട്ടിലേക്കു പണമയക്കുന്ന എല്ലാവർക്കും പ്രോൽസാഹനം നൽകണം. വിദേശത്തു പണിയെടുക്കുന്ന തൊഴിലാളികൾക്കു സംരക്ഷണവും പ്രോത്സാഹനവും നല്കണം.

രണ്ടാമത്തെ സ്രോതസ്സ് നാട്ടിലെ ഇന്ത്യക്കാരുടെ പക്കലുള്ള സ്വർണമാണ്. ഇന്ത്യ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിലൊന്നാണെങ്കിലും സ്വർണശേഖരത്തിൻെറ കാര്യത്തിൽ ഏറ്റവും സമ്പന്നമാണ്. ഈ സ്വർണം നാട്ടുകാരുടെ പക്കലാണെന്നു മാത്രം. പുരാതന കാലം മുതൽ ഇന്ത്യയിലേക്കു വന്ന സ്വർണത്തെക്കുറിച്ച് ഊഹക്കണക്കുപോലും പറയുക സാധ്യമല്ല. എന്നാൽ 19-ാം നൂറ്റാണ്ടിൻെറ മധ്യം മുതൽ 1990 വരെയുള്ള കാലമെടുത്താൽ പോലും മൊത്തം 6441 ടൺ സ്വർണം ഇന്ത്യയിലേക്കു പരസ്യമായും രഹസ്യമായും ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ് മതിപ്പു കണക്ക്. ഇതിൻെറ 10 ശതമാനം ബോണ്ടായോ ഡെപ്പോസിറ്റായോ ശേഖരിക്കാൻ കഴിഞ്ഞാൽ ഇന്ത്യാ സർക്കാരിന് 786 കോടി ഡോളറിൻെറ വിദേശനാണയത്തിനു തുല്യമായ സ്വർണം ലഭിക്കും. അന്താരാഷ്ട്രനാണയ നിധിയിൽ നിന്ന് ഇന്നു ലഭിക്കാൻ പോകുന്ന വായ്പയേക്കാൾ വലിയ ഒരു തുകയായിരിക്കും ഇത്. കള്ളപ്പണക്കാരെ ഉദ്ദേശിച്ച് സർക്കാർ രൂപം നൽകിയിരിക്കുന്ന സ്വർണനിക്ഷേപ പദ്ധതിയല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഈ ദേശാഭിമാന കാമ്പയിനിൻെറ ലക്ഷ്യം സാധാരണക്കാരായ ജനലക്ഷങ്ങളായിരിക്കും.

2. ബജറ്റ് കമ്മി: കേന്ദ്ര സർക്കാരിൻെറ ബജറ്റ് കമ്മി കുറയ്ക്കുന്നതിനു വികസനേതര ചെലവുകൾ കർശനമായി നിയന്ത്രിക്കേണ്ടിവരും. ഉചിതമായ രാഷ്ട്രീയ നീക്കങ്ങളുടെ പിൻബലമുണ്ടെങ്കിൽ പ്രതിരോധ ചെലവും ആഭ്യന്തര സുരക്ഷിതത്വ ചെലവും ഗണ്യമായി കുറയ്ക്കാനാവും. ചൈനയുമായുള്ള അതിർത്തി തർക്കം രമ്യമായി പരിഹരിക്കാൻ കഴിഞ്ഞാൽ തന്നെ പ്രതിരോധ ചെലവിൽ ഗണ്യമായ കുറവ് വരുത്താനാവും. ഒരു കാരണവശാലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പാക്കിസ്ഥാനുമായി ഒരു ആണവായുധ മത്സര പന്തയത്തിൻെറ സാഹചര്യം സൃഷ്ടിക്കരുത്. ഇതിനായി നമ്മൾ മുൻകൈ എടുക്കണം. സർക്കാരും തൊഴിലാളികളും മാനേജ്മെൻറും തമ്മിൽ ഉണ്ടാക്കുന്ന ഒരു സമയബന്ധിത പരിപാടിയനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടികൾ സ്വീകരിക്കണം. എല്ലാവിധ സബ്സിഡികളും പരസ്യമായി ബജറ്റ് കണക്കുകളിൽ കാണിക്കണം. മറ വച്ചുകൊണ്ടുള്ള സബ്സിഡി സമ്പ്രദായം പാടില്ല. പണക്കാർക്കു വേണ്ടിയുള്ള സബ്സിഡികൾ വെട്ടിച്ചുരുക്കണം.

മുകളിൽ പറഞ്ഞവയൊക്കെ സർക്കാർ ചെലവുകളെ നിയന്ത്രിക്കുന്നതിനുള്ള നിർദേശങ്ങളാണ്. സർക്കാരിൻെറ നികുതിവരുമാനം വർധിപ്പിക്കാനും അടിയന്തിര നടപടികൾ സ്വീകരിച്ചേ മതിയാകൂ. ഇതും സുപ്രധാനമാണ്. വൻകിട ഭൂവുടമകളിൽ നിന്നും ധനിക കൃഷിക്കാരിൽ നിന്നും ആദായ നികുതി പിരിക്കണം. നികുതി പിരിവിൻെറ കാര്യക്ഷമത ഉയർത്തണം. കളളപ്പണക്കാരോടു വില പേശുകയല്ല, അവരെ വേട്ടയാടുകയാണു വേണ്ടത്.

അടവുശിഷ്ട പ്രതിസന്ധിയും ബജറ്റ് പ്രതിസന്ധിയും പരിഹരിക്കുന്നതിന് ഇവിടെ മുന്നോട്ടു വച്ച നിർദേശങ്ങളിൽ ചിലവ അനവധി വർഷങ്ങൾ കൊണ്ടേ ചെയ്തു തീർക്കാനാകൂ. എന്നാൽ ഒട്ടുമിക്കവയും ഉടൻതന്നെ നടപ്പിലാക്കാവുന്ന അടിയന്തിര നടപടികളാണ്. ഇവ നടപ്പാക്കുന്നതിനോടൊപ്പം ഇന്ത്യയിലെ കാർഷിക-വ്യവസായ നയങ്ങളും ക്ഷേമപ്രവർത്തനങ്ങളും പുനരാവിഷ്കരിക്കുന്നതിനു ദീർഘകാല നയങ്ങൾ പ്രഖ്യാപിക്കേണ്ടതുണ്ട്.

3. കാർഷിക നയം: ഭൂപ്രഭുക്കൻമാരിലും വൻകിട ജലസേചന പദ്ധതികളിലും ഇറക്കുമതിപ്രധാനമായ രാസവള-കീടനാശിനികളിലും ഊന്നുന്ന ഇന്നത്തെ കാർഷിക വികസന തന്ത്രത്തിനു പകരം ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാരിലും പ്രാദേശിക സ്ഥല ജല മാനേജ്മെൻറിലും ജൈവവളത്തിലും ശാസ്ത്രീയ വിളക്രമത്തിലും മറ്റും ഊന്നുന്ന ഒരു വികസന തന്ത്രമാണ് നമുക്കു വേണ്ടത്. ഓരോ ചെറു നീർമറി(**Water Shed**)പ്രദേശത്തെയും ആസ്പദമാക്കിയുള്ള സമഗ്രമായ ആസൂത്രണം, മണ്ണ് സംരക്ഷണ പരിപാടി, ജലസ്രോതസ്സുകളുടെയും വിതരണ ശൃംഖലയുടെയും പരിപാലനം, ജൈവവളക്കാടുകൾ സൃഷ്ടിക്കൽ തുടങ്ങിയവയ്ക്ക് വൻതോതിൽ മനുഷ്യ വിഭവ വിനിയോഗം വേണ്ടിവരും. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ പാഴായിപൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യാധ്വാനശേഷിയുടെ ഉൽപാദനപരമായ വിനിയോഗമായിരിക്കും പുതിയ കാർഷിക മുന്നേറ്റത്തിൻെറ ഒരു മുഖ്യ സ്രോതസ്സ്. ഇതിൽ നല്ലൊരു പങ്ക് ദേശാഭിമാനപരമായ സന്നദ്ധ പ്രവർത്തനങ്ങളായിരിക്കും. ഇതു യാഥാർഥ്യമാകണമെങ്കിലാവട്ടെ കൃഷിഭൂമി കൃഷിക്കാരന് ലഭിക്കണം. കാർഷിക പരിഷ്കാരത്തിനായുള്ള ഒരു ജനമുന്നേറ്റത്തിൻെറ തുടർച്ചയായി മാത്രമേ പുതിയ കാർഷിക വികസന തന്ത്രത്തിന് വിജയിക്കാനാവൂ. ചെറുതുണ്ട് കൃഷിഭൂമികൾ ഏകീകരിക്കുന്നതിനും കാർഷിക വൃത്തിയിലും കാർഷിക ഉൽപന്ന സംസ്കരണത്തിലും വിപണനത്തിലും സഹകരണാത്മകമായ കാർഷിക ഐക്യം കൊണ്ടുവരുന്നതിനും ഭൂപരിഷ്കരണം അടിസ്ഥാനപരമാണ്. സ്വാശ്രയത്വ വികസനത്തിലൂന്നുന്ന വ്യവസായ വികസനനയം പുനരാവിഷ്കരിക്കേണ്ടതുണ്ട്.

4. വ്യവസായനയം: പൊതുമേഖല കാര്യക്ഷമമാക്കേണ്ടതിൻെറയും ജഡഭാരം ഇല്ലായ്മ ചെയ്യേണ്ടതിൻെറയും ആവശ്യകത നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇതിനോടൊപ്പം പൊതുമേഖലയുടെ പ്രവർത്തനതുറകളെ കൂടുതൽ കർശനമായി നിർവചിക്കേണ്ടതുണ്ട്. പൊതുമേഖലാ ഹോട്ടലുകൾ, ഉപഭോക്തൃ ഉൽപന്നങ്ങൾ തുടങ്ങിയ തുറകളിലേക്കുള്ള പൊതുമേഖലയുടെ വ്യാപനം ആവശ്യമാണോ?

ചുവപ്പു നാടകൾ മാത്രം സൃഷ്ടിക്കുന്ന അതിരുകവിഞ്ഞ ലൈസൻസിങ് തുടങ്ങിയ വ്യവസായ നിയന്ത്രണങ്ങളെ ലഘൂകരിക്കേണ്ടതുണ്ട്. സാമ്പത്തിക ആസൂത്രണത്തിൻെറ അവശ്യ ഉപാധികളെ ഇല്ലായ്മചെയ്യാതെ ഇതെ

ങ്ങനെ സാധിക്കാമെന്നത് കൂടുതൽ ചർച്ച ചെയ്യേണ്ടുന്ന ഒന്നാണ്. യാന്ത്രികമായ നിയന്ത്രണങ്ങളെക്കാൾ വായ്പാനിയന്ത്രണങ്ങളിലാണ് ഊന്നേണ്ടതെന്ന നിർദേശം പരിഗണനാർഹമാണ്. എന്നാൽ ഇതിനു കഴിയണമെങ്കിൽ ബാങ്ക് മേഖലയിൽ ലോകബാങ്ക് നിർദേശിച്ചിരിക്കുന്ന പരിഷ്കാരങ്ങളെ പൂർണമായി തള്ളിക്കളയേണ്ടിയിരിക്കുന്നു.

ആഭ്യന്തര സമ്പദ്ഘടനയിൽ കമ്പോള മത്സരം ഉറപ്പാക്കാനായി ഇറക്കുമതി ഉദാരവൽക്കരിക്കാനുള്ള നീക്കം ആത്മഹത്യാപരമാണ്. വികസിത രാജ്യങ്ങൾ അവരുടെ വ്യവസായങ്ങളുടെ കാര്യക്ഷമത ഇപ്രകാരം ഉയർത്തിയതിന് ഉദാഹരണങ്ങൾ ചരിത്രത്തിലില്ല. അന്തർദേശീയ മത്സരശേഷി നേടിയ ശേഷമേ ഇറക്കുമതി ഇളവുകൾക്ക് അവർ തയ്യാറായിട്ടുള്ളൂ. ഇന്നത്തെ തന്ത്രം കാര്യക്ഷമത ഉയരുന്നതിലേക്കല്ല വ്യവസായ നാശത്തിലേക്കാണു നയിക്കുക. ആഭ്യന്തര കമ്പോളത്തിൽ മത്സരം ഉറപ്പാക്കാനുള്ള മാർഗം കുത്തകകളെ നിയന്ത്രിക്കലാണ്. ഇതിനു വായ്പാ-ധനകാര്യ നയങ്ങളെ ഇന്നത്തേതിലും കൂടുതലായി ഉപയോഗപ്പെടുത്തണം. കുത്തകകളുടെ ഓഹരി-കടതോത് ഗണ്യമായി ഉയർത്തണം. ഫാക്ടറികളിൽ പുതുതായി സ്ഥാപിക്കപ്പെടുന്നതോ നവീകരിക്കപ്പെടുന്നതോ ആയ സാങ്കേതിക വിദ്യകൾക്ക് അന്താരാഷ്ട്ര കാര്യക്ഷമതയോട് താരതമ്യപ്പെടുത്തിയിട്ടേ ധനവിഭവങ്ങൾ ലഭ്യമാക്കാവൂ. വ്യാപാര ഒത്തുകളികൾക്കെതിരായ നിയമം കൂടുതൽ കർക്കശമാക്കിക്കൊണ്ട് കുത്തക നിയന്ത്രണ നിയമം പുന:സ്ഥാപിക്കണം.

ബഹുരാഷ്ട്രകുത്തക സ്ഥാപനങ്ങളെ കർശനമായ നിയന്ത്രണങ്ങൾക്ക് കീഴ്പെട്ടേ പ്രവർത്തിക്കാൻ അനുവദിക്കാവൂ. ഓഹരി മൂലധനത്തിൽ എത്ര ശതമാനം ബഹുരാഷ്ട്രകുത്തകയ്ക്കാവാം എന്നതിനേക്കാൾ പ്രധാനം പ്രവർത്തനമൂലധനത്തിൽ നല്ല പങ്കും വിദേശത്തുനിന്ന് കൊണ്ടുവരണം എന്ന നിബന്ധനയാണ്. വിദേശ കമ്പനികൾക്ക് വേണ്ടിവരുന്ന വിദേശനാണയ ചെലവിനേക്കാൾ കൂടുതൽ വിദേശനാണയ വരുമാനം അവരുടെ ഉൽപന്നങ്ങളിലൂടെയോ സേവനങ്ങളിലൂടെയോ നേടിയിരിക്കണമെന്നതിൽ വിട്ടുവീഴ്ച പാടില്ല. വിദേശ കമ്പനികൾക്ക് പ്രത്യേകം സ്വതന്ത്ര സാമ്പത്തിക മേഖലകൾ സൃഷ്ടിക്കാവുന്നതാണ്.

ചെറുകിട വ്യവസായങ്ങളിൽ കുത്തകകൾക്ക് ഓഹരി നൽകാനുള്ള നീക്കം ഉപേക്ഷിക്കണം. ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കുമുള്ള റിസർവേഷൻ നിലനിർത്തുകയും ഈ മേഖലയെ നവീകരിക്കുന്നതിനായി ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കുകയും വേണം.

കൃഷിക്കാരുടെയും ചെറുകിട ഉൽപാദകരുടെയും ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തേണ്ടതാണ്. കർഷക തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും മിനിമം കൂലി ഉറപ്പുവരുത്തണം. ഇതെല്ലാം അടങ്ങുന്ന ഉചിതവും ഇന്നത്തെ പരിമിതികളെ കണക്കിലെടുക്കുന്നതുമായ ദേശീയ വേതന-വരുമാനനയം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തു തീരുമാനിക്കണം.

5. സാങ്കേതിക വിദ്യാ നയം: സ്വാശ്രയത്വത്തിൽ ഊന്നുന്ന സാങ്കേതിക വിദ്യാ വികസന നയമാണ് നമ്മൾ അവലംബിക്കേണ്ടത്. സാങ്കേതിക വിദ്യ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് ഇവയുടെ ഇറക്കുമതി ഒഴിവാക്കാനാവില്ല. എന്നാൽ വിദേശ സാങ്കേതിക വിദ്യകൾ സ്വാംശീകരിക്ക

പ്പെടുമെന്നും കൂടുതൽ ഉയർന്ന തലങ്ങളിലേക്ക് ഉയർത്തപ്പെടുമെന്നും ഉറപ്പാക്കണം. ആഡംബര വസ്തുക്കാംക്കും അത്യാവശ്യമല്ലാത്ത ഉൽപന്നങ്ങാംക്കും വേണ്ടിയുള്ള വിദേശസഹകരണം ഒഴിവാക്കണം. വിദേശ സാങ്കേതിക വിദ്യാ ഇറക്കുമതിയുടെ മേൽനോട്ടം കർശനമാക്കണമെന്നതാണ് അനുഭവങ്ങാം കാണിക്കുന്നത്. പ്രതിരോധ നയത്തിൽ ഇതിനകം സൂചിപ്പിച്ചുകഴിഞ്ഞ നയ മാറ്റങ്ങാം വരുന്നതോടെ ന്യൂക്ലിയർ-ബഹിരാകാശ ഗവേഷണത്തിന് വകയിരുത്തലിൽ ഇന്നു നൽകിവരുന്ന പ്രാധാന്യം കുറയ്ക്കാനാകും. ഇതര വ്യവസായ മേഖലകളുടെയും ഇന്ന് അവഗണിക്കപ്പെട്ടുവരുന്ന ഗ്രാമീണ സാങ്കേതിക വിദ്യകളുടേയും പുരോഗതിക്കായി കൂടുതൽ തുക വിനിയോഗിക്കാനാവും.

6. അധികാരവികേന്ദ്രീകരണം: ബദൽ മാർഗത്തിൻെറ അടിസ്ഥാന രാഷ്ട്രീയ ഘടന അധികാര വികേന്ദ്രീകരണത്തിൻേറതാണ്. ഈ അധികാരവികേന്ദ്രീകരണ സങ്കൽപനത്തിൻെറ തത്വമാവട്ടെ, താഴെ തലത്തിൽ ചെയ്യാവുന്നതെല്ലാം ആ തട്ടിലേക്ക് വിടണം; ബാക്കിയുള്ളതേ മുകളിലെ തട്ടിലേക്ക് നീക്കി വയ്ക്കേണ്ടതുള്ളൂ എന്നതാണ്. സംസ്ഥാനങ്ങാംക്ക് കൂടുതൽ അധികാരം നൽകി യഥാർഥ ഫെഡറൽ സംവിധാനം കൊണ്ടുവന്നതുകൊണ്ടു മാത്രമായില്ല. ഓരോ സംസ്ഥാനത്തിനകത്തും ജില്ലകളിലേക്കും പഞ്ചായത്തുകളിലേക്കും അധികാരം കൈമാറണം. ഇതിനു ഭരണഘടനാപരമായ സാധുതയും നൽകേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിലൂടെയല്ലാതെ രാഷ്ട്രത്തിൻെറ ഐക്യം സംരക്ഷിക്കുന്നതിനു കഴിയുകയില്ല. അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനാധിപത്യത്തെ ജീവിതയാഥാർഥ്യമാക്കി മാറ്റുന്നതിനും അതിൻെറ സംരക്ഷണത്തിനായി ജനങ്ങളെ അണിനിരത്താനും കഴിയൂ. ഇതിലൂടെ മാത്രമേ നീണ്ടുകൊണ്ടിരിക്കുന്ന ചുവപ്പുനാടക്കുരുക്കുകളിൽ നിന്നു മോചനം നേടാൻ ആവൂ. അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ഭരണച്ചെലവ് കുറയ്ക്കുന്നതിനും വികസനപദ്ധതികാം ഫലപ്രദമായി നടപ്പാക്കുന്നതിനും കഴിയൂ.

പ്രാദേശികാസൂത്രണത്തിലൂന്നുന്ന കാർഷിക വികസന തന്ത്രത്തിന് അധികാരവികേന്ദ്രീകരണം ഒരു മുൻ ഉപാധിയാണ്. കേന്ദ്രീകൃതമായി ചില പൊതു നയങ്ങളും ലക്ഷ്യങ്ങളും തയ്യാറാക്കുക, ചില പ്രധാന പദ്ധതികാം നടപ്പാക്കുക എന്നത് കഴിഞ്ഞാൽ ബാക്കി കാർഷിക ആസൂത്രണവും നിർവഹണവും പ്രാദേശിക തലത്തിലാകാനേ കഴിയൂ. പ്രാദേശികമായ ആസൂത്രണത്തിനാവശ്യമായ വിവരങ്ങാം ലഭിക്കുക എന്നത് മാത്രമല്ല കാരണം. അതിലൂടെ മാത്രമേ പുതിയ കാർഷിക മുന്നേറ്റത്തിന് അടിസ്ഥാനമാകേണ്ടുന്ന ഗ്രാമീണ മാനുഷിക വിഭവശേഷിയെ വികസനപ്രവർത്തനങ്ങാംക്കു വേണ്ടി ഫലപ്രദമായി അണിനിരത്താനും കഴിയൂ.

7. ക്ഷേമനയം: പുതിയ വികസന നയങ്ങളോടൊപ്പം ഇന്ത്യയിലെ ദരിദ്ര കോടികളുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു സമഗ്ര പരിപാടി പ്രഖ്യാപിക്കണം. ഇതിൽ ആദ്യത്തെ ഇനം എല്ലാവർക്കും തൊഴിൽ ഉറപ്പാക്കുന്ന ദേശീയ എംപ്ലോയ്മെൻറ് ഗ്യാരണ്ടി പദ്ധതിയാണ്. ഇതിനായി 13,000 കോടി രൂപ ചെലവുള്ള ഒരു കരട് പദ്ധതി കഴിഞ്ഞ പ്ലാനിങ് കമ്മീഷൻ തയ്യാറാക്കിയിരുന്നു. ഈ അടങ്കലിൻെറ നല്ല പങ്കും ഇന്ന് നെഹ്റു റോസ്

ഗാർ യോജന തുടങ്ങിയ പേരുകളിൽ ചെലവാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഗ്രാമീണ പദ്ധതികളുടെ അടങ്കലുകളുടെ പുനർവിനിയോഗത്തിലൂടെ കണ്ടെത്താനാവും. എങ്കിലും 5000-6000 കോടി രൂപ പുതുതായി കണ്ടെത്തിയേ തീരൂ. മുൻപേജുകളിൽ സൂചിപ്പിച്ചതുപ്രകാരം ഇന്നത്തെ സർക്കാർ ചെലവുകളുടെ മുൻഗണനാക്രമത്തിൽ മാറ്റം വരുത്തി ഇത് കണ്ടെത്താനാവുന്നതാണ്. ഉൽപാദനപരമായ തൊഴിൽ എല്ലാ ഇന്ത്യാക്കാർക്കും ഗ്യാരണ്ടി ചെയ്തുകൊണ്ടല്ലാതെ ദാരിദ്ര്യനിർമാർജനം സാധ്യമല്ല. ഈ തൊഴിൽദാന പദ്ധതിയെ പുതിയ കാർഷിക വികസനതന്ത്രവുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്താൽ അത് ഗ്രാമീണ ഭാരതത്തിൻെറ മുഖഛായതന്നെ മാറ്റിത്തീർക്കുന്നതിലേക്കുള്ള ഏറ്റവും ശ്രദ്ധേയമായ കാൽവയ്പായി തീരും. ഇന്ത്യയിലെ 18 കോടി ഹെക്ടർ കൃഷിഭൂമിയിൽ 10 കോടിയും പാരിസ്ഥിതികമായി തകർച്ചയുടെ വക്കിലാണ് എന്നോർക്കുക.

എല്ലാവർക്കും തൊഴിൽ മാത്രമല്ല, പത്തുവർഷത്തിനുള്ളിൽ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം, പ്രാഥമികാരോഗ്യ സംരക്ഷണം, സംരക്ഷിത കുടിവെള്ളം, ആവാസയോഗ്യമായ ഭവനങ്ങൾ എന്നിവ നൽകുന്നതിനുവേണ്ടുന്ന ഒരു അടിസ്ഥാന ആവശ്യഗ്യാരണ്ടി പദ്ധതിയും ആവിഷ്കരിക്കണം. ഗ്രാമങ്ങളിലെ ഗതാഗത സംവിധാനങ്ങളും മറ്റു പശ്ചാത്തല സൗകര്യങ്ങളും വിപുലീകരിക്കുന്നതും ഇതിൽപെടും. ഈ പദ്ധതി നടപ്പാക്കുന്നതിന് പണമല്ല പ്രതിബന്ധം. ദേശീയ പ്രതിബദ്ധതയുടെ അഭാവമാണ്. കേരളത്തിൽ നിന്ന് ഇന്ത്യയിലെ അമ്പതിലേറെ ജില്ലകളിലേക്ക് വ്യാപിച്ചിരിക്കുന്ന സമ്പൂർണ സാക്ഷരതയ്ക്കുവേണ്ടിയുള്ള ദേശീയ യജ്ഞം ഇതാണ് തെളിയിക്കുന്നത്. ജനങ്ങളുടെ ത്യാഗസന്നദ്ധതയും ദേശാഭിമാനവും മാത്രമാണ് ഇരുപത് ലക്ഷത്തോളം വരുന്ന ഇൻസ്ട്രക്ടർമാരെ ചലിപ്പിക്കുന്നത്. എന്തുകൊണ്ട് ഇത് മറ്റ് അടിസ്ഥാനമേഖലകളിലേക്കുകൂടി വ്യാപിപ്പിക്കാനാവില്ല?

ഒരർഥത്തിൽ കേരളവികസന മാതൃക ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള തന്ത്രത്തെക്കുറിച്ചാണ് നാം ആലോചിക്കുന്നത്. സാമ്പത്തികമായ പിന്നോക്കാവസ്ഥ ജനങ്ങൾക്കു മിനിമം ജീവിതഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു തടസ്സമല്ലായെന്ന് കേരളം ദശാബ്ദങ്ങൾക്കുമുമ്പു തെളിയിച്ചു കഴിഞ്ഞു. കേരളത്തിലെ സാമൂഹ്യാന്തരീക്ഷം മറ്റു സംസ്ഥാനങ്ങളിലേക്കു പറിച്ചു നടാൻ കഴിയില്ലെങ്കിലും ഭൂപരിഷ്കരണം ഉഴുതു മറിക്കുന്ന ഇന്ത്യൻഗ്രാമങ്ങളിൽ പുതിയൊരവകാശബോധം ഉണർത്തുന്നതിനുള്ള സാധ്യത വളരെയേറെ ഉണ്ട്. സമ്പൂർണ സാക്ഷരതയ്ക്കായുള്ള യജ്ഞം ഇതിനായുള്ള ബോധവൽക്കരണ യജ്ഞവും കൂടിയാവണം.

ചുരുക്കത്തിൽ ഇവിടെ വിവരിച്ച ബദൽമാർഗത്തിൻെറ സാരാംശം ഇവയാണ്.

1. ഇനി വായ്പയെടുക്കരുത്.
2. അന്താരാഷ്ട്ര നാണയനിധിയുടെ നിബന്ധനകൾക്കനുസരിച്ചല്ല മറിച്ച് നമ്മുടെ ദേശീയ മുൻഗണനകൾ പ്രകാരം ഇന്നത്തെ പ്രതിസന്ധി മറികടക്കുന്നതിനുള്ള ഒരു ഹ്രസ്വകാല-ദീർഘകാല പരിഷ്കാരതന്ത്രം ആവിഷ്കരിക്കുക.
3. ഈ കരുത്തിൻെറ അടിത്തറയിൽ അടുത്ത വർഷം വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്നതിന് വിലപേശുക. വേണ്ടിവന്നാൽ ഏകപക്ഷീയമായി വായ്പ

തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ടുള്ള പദ്ധതി നമ്മാം പ്രഖ്യാപിക്കുക. ഹ്രസ്വകാല വായ്പകാംക്കും വിദേശ ഇന്ത്യാക്കാരുടെ ഡെപ്പോസിറ്റുകാംക്കും ഇത് ബാധകമായിരിക്കില്ല. ഇവരുടെ വിശ്വാസം നിലനിർത്തുന്നതിനായി ബോണ്ടായി ശേഖരിക്കുന്ന സ്വർണ ശേഖത്തെ ഉപയോഗപ്പെടുത്താനാകും.

എന്നാൽ ഈ അറ്റകൈ വേണ്ടിവരില്ലാ എന്നാണ് അന്തർദേശീയ അനുഭവം കാണിക്കുന്നത്. കർക്കശമായ നിലപാടുകളെടുത്ത ലാറ്റിൻ അമേരിക്കൻ രാജ്യങ്ങാംക്കെല്ലാം ചർച്ചകളിലൂടെ കടമിളവിനും കാലാവധി ദീർഘിപ്പിക്കുന്നതിനും കഴിയുകയുണ്ടായി. വായ്പകളിലൂടെ ഇന്ത്യയ്ക്ക് അസ്സലായി ലഭിക്കുന്ന തുക ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു കുറഞ്ഞു വരികയാണെന്നോർക്കുക. 1983-ൽ 760 കോടി ഡോളർ നമുക്ക് പുതിയ വായ്പ ലഭിച്ചു. അതിൽ 440 കോടി ഡോളർ (59 ശതമാനം) പഴയ കടത്തിന്റെ മുതലും പലിശയുമായി തിരിച്ചടക്കേണ്ടിവന്നു. 1989 ആയപ്പോഴേക്കും ലഭിച്ച 1200 കോടി ഡോളറിൽ 1010 കോടി ഇപ്രകാരം തിരിച്ചടക്കേണ്ടി വന്നു. നമുക്ക് കയ്യിൽകിട്ടിയത് 190 കോടി ഡോളർ (15 ശതമാനം) മാത്രം. ഇതാണ് ഇന്ത്യയ്ക്കു നഷ്ടമാകുന്നതെങ്കിൽ വിദേശികാം, അവർ ഇന്ത്യയ്ക്കു നൽകിയിരിക്കുന്ന 7200 കോടി ഡോളർ വായ്പകളെ കുറിച്ച് രണ്ടുവട്ടം ആലോചിക്കാൻ നിർബന്ധിതരാകും. ഇതാണ് ഉറപ്പുള്ള അടിത്തറയിൽ നിന്ന് കരുത്തുള്ള നിലപാടെടുക്കാൻ കഴിഞ്ഞാൽ അറ്റകൈ പ്രയോഗങ്ങളില്ലാതെ ഒത്തുതീർപ്പിലെത്താൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിന്റെ അടിസ്ഥാനം.

കടക്കെണിയിൽ നിന്ന് രക്ഷനേടുന്നതിനുള്ള ബദൽ മാർഗം ഇതാണ്. വിശദാംശങ്ങളിലോ ചില നയസമീപനങ്ങളിലോ ചർച്ചകളിലൂടെ ഈ പദ്ധതി ഭേദഗതി ചെയ്യുകയോ സമ്പുഷ്ടമാക്കുകയോ ഒക്കെയാവാം. പക്ഷേ, കീഴടങ്ങൽ അനിവാര്യമല്ല. ബദലുണ്ട്.

ഈ ബദൽമാർഗം ആകട്ടെ എളുപ്പമാണ് എന്ന് തെറ്റിദ്ധാരണ വേണ്ട. അന്താരാഷ്ട്ര നാണയനിധിയുടെ പരിപാടിപോലെതന്നെ വിഷമകരമായ ഒന്നുതന്നെയാണ് ബദൽ മാർഗവും. ബദൽ പരിഷ്കാരങ്ങാം ഹ്രസ്വകാലയളവിൽ സാമ്പത്തിക മാന്ദ്യംപോലും ഉണ്ടാക്കിയേക്കാം. ഇറക്കുമതി പ്രധാന വ്യവസായങ്ങളെ ഇറക്കുമതി നിയന്ത്രണം പ്രതികൂലമായി ബാധിച്ചേക്കാം. സർക്കാർ കമ്മി കുറയ്ക്കുന്നത് സമ്പദ്ഘടനയിൽ ഞെരുക്കം സൃഷ്ടിക്കും. ഇങ്ങനെ പലതും. പക്ഷേ, അന്താരാഷ്ട്ര നാണയനിധിയുടെയും ലോകബാങ്കിന്റെയും പരിപാടി സൃഷ്ടിക്കാൻ പോകുന്ന സാമ്പത്തിക മാന്ദ്യത്തെ അപേക്ഷിച്ച് ഇത് ലഘുവായിരിക്കും. പുതിയ വികസന നയങ്ങളെ അടിസ്ഥാനമാക്കി താമസംവിനാ സാമ്പത്തിക വളർച്ച ഗണ്യമായി ഉയരും. പുതിയ ക്ഷേമ നയങ്ങാം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തും. എല്ലാറ്റിലുമുപരി കടക്കെണിയിൽ നിന്നു രാഷ്ട്രത്തിന്റെ മോചനം ഉറപ്പാക്കും.

ബദൽമാർഗത്തിന്റെ ലക്ഷ്യം ഇന്ത്യയിൽ സോഷ്യലിസ്റ്റ് പരിവർത്തനം വരുത്തലല്ല. ദേശീയ കുത്തകകളേയും ബഹുരാഷ്ട്രകുത്തകകളേയും ഇല്ലാതാക്കുന്നതിനുള്ള പരിപാടിപോലും അല്ല. ഭൂപരിഷ്കരണവും വികേന്ദ്രീകരണവും മാത്രമാണ് ബദൽ മാർഗത്തിൽ നിർദേശിച്ചിട്ടുള്ള പ്രമുഖമായ ഘടനാമാറ്റങ്ങാം. ഇത്ര പരിമിതമായ ഘടനാഭേദഗതികാംക്കുള്ളിൽ നിന്നുപോലും കീഴടങ്ങലിനു ബദൽ സാധ്യമാണെന്നാണു വാദം.

പക്ഷേ, ഒന്ന് വേണം; ദേശാഭിമാനം. സാമ്രാജ്യവിരോധം. ത്യാഗപൂർണമായ സ്വാതന്ത്ര്യ സമരത്തിലൂടെ നേടിയ രാഷ്ട്രത്തിൻെറ പരമാധികാരം സംരക്ഷിക്കുന്നതിനായുള്ള പുനർസമർപ്പണം. രാഷ്ട്രം ഇന്ന് നമ്മോട് ഇത് ആവശ്യപ്പെടുന്നു.

പുത്തൻ സാമ്പത്തികനയത്തിൻെറ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങൾക്കെതിരെ അതിശക്തമായ ജനകീയപ്രതിരോധം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. സർക്കാരിൻെറയും കുത്തകകളുടെയും നിയന്ത്രണത്തിലുള്ള വാർത്താമാധ്യമങ്ങൾ പുത്തൻ സാമ്പത്തിക നയത്തിൻെറ ജനവിരുദ്ധവശങ്ങൾ മറച്ചുവയ്ക്കുന്നതിനും നിഗൂഢവൽക്കരിക്കുന്നതിനും ശ്രമിച്ചുവരികയാണ്. സർക്കാരിൻെറ സാമ്രാജ്യത്വപ്രീണന നയങ്ങൾ വിവിധ മേഖലകളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പ്രചാരണപ്രവർത്തനങ്ങൾ ആസൂത്രിതമായി സംഘടിപ്പിക്കേണ്ടതുണ്ട്. പഠന ക്ലാസ്സുകൾ, പ്രഭാഷണങ്ങൾ, സെമിനാറുകൾ എന്നിവയിലൂടെയും പുസ്തക-ലഘുലേഖാ പ്രചാരണത്തിലൂടെയും കലാമാധ്യമത്തിലൂടെയും ഇതിനായി ശ്രമിക്കേണ്ടതാണ്. വിവിധ ജനവിഭാഗങ്ങളുടെ നിത്യജീവിതത്തിൽ പുത്തൻ സാമ്പത്തികനയം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി സംഘടിത ബഹുജനപ്രക്ഷോഭപരിപാടികൾക്കു രൂപം നൽകേണ്ടതുണ്ട്. സർക്കാരിൻെറ ജനവിരുദ്ധനയങ്ങളെ എതിർക്കുമ്പോൾതന്നെ ജനകീയസ്വാശ്രയബദൽ മാതൃകകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള സൃഷ്ടിപരമായ നിർമാണപ്രവർത്തനങ്ങളും ആവിഷ്കരിച്ചു നടപ്പാക്കേണ്ടിയിരിക്കുന്നു. ബോധവൽക്കരണ പരിപാടികൾ, പ്രക്ഷോഭ സമരങ്ങൾ, സ്വാശ്രയാധിഷ്ഠിത നിർമാണ പ്രവർത്തനങ്ങൾ ഇവയെ കോർത്തിണക്കിക്കൊണ്ടുള്ള ജനകീയ പ്രതിരോധപ്രസ്ഥാനം കെട്ടിപ്പടുത്തുകൊണ്ടുമാത്രമേ പുത്തൻ സാമ്പത്തികനയത്തെ എതിർത്തു തോൽപ്പിക്കാനാകൂ. ഇതിലേക്കായി ദേശാഭിമാനികളായ എല്ലാ രാജ്യസ്നേഹികളും സ്വാശ്രയപ്രസ്ഥാനത്തിൽ അണിചേരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

KSS 27-1 Copy December 1224 25K 0400
Published and distributed by the Director, Kerala Bhashay Samithy,
Thiruvananthapuram. Printed at [illegible] Printers, [illegible]
Type setting—[illegible] Thiruvananthapuram

KSS 07-1 D1/8 December 92 25K 0400

Published and distributed by the Convener, Kerala Swashraya Samithy, Thiruvananthapuram. Printed at SAS Printers, Eranakulam.

Type setting—RE-iNGRAPH, Thiruvananthapuram.

Price-Rs.4.00.